മലങ്കര ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം

# ഓർത്തഡോക്സ് യുവജനം

ത്രൈമാസിക

വാല്യം 14
ലക്കം 02



# മലങ്കരയുടെ സൗമ്യതേജസ്

## 14–ാം ഓർമ്മപെരുന്നാൾ



2023
ഫെബ്രുവരി
9
വ്യാഴം

## അഭിവന്ദ്യ മാത്യൂസ് മാർ എപ്പിഫാനിയോസ്
## മെത്രാപോലീത്തായ്ക്ക് പ്രാർത്ഥനാപൂർവ്വമായ
## അശ്രുപൂജകൾ

*Inserted By*

**Mr. K. Baby & Mr. K. John**

**Koottarazhikathu, Chenkulam**

# ഓർത്തഡോക്സ് യുവജനം
ത്രൈമാസിക


വിലാസം : ഓർത്തഡോക്സ് യുവജനം
സെന്റ് തോമസ് ഭവൻ, ഓർത്തഡോക്സ് യൂത്ത് സെന്റർ
പഴയ സെമിനാരി റോഡ്, ചുങ്കം, കോട്ടയം - 1
ഫോൺ : 0481 2583997
E--mail : orthodoxyuvajanam1936@gmail.com
facebook : Orthodox Christian Youth Movement Official





## പത്രാധിപ സമിതി

| | |
|---|---|
| പ്രസിഡന്റ് | ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത |
| വൈസ് പ്രസിഡന്റ് | ഫാ. ഷിജി കോശി, കറ്റാനം |
| ജനറൽ സെക്രട്ടറി | ഫാ. അജി കെ. തോമസ് |
| ട്രഷറർ | പേൾ കണ്ണേത്ത് |
| ചീഫ് എഡിറ്റർ | ഫാ. ലൂക്ക് ബാബു (യൂഥിക) |
| പബ്ലീഷർ | ബിനു പാപ്പച്ചൻ, പുത്തൂർ |
| ബോർഡ് അംഗങ്ങൾ | റ്റിബിൻ ചാക്കോ, തേവർവേലിൽ<br>ബിബിൻ ബാബു, കരുവാറ്റ |

## ഉൾത്താളുകളിലൂടെ....


പ്രസിഡന്റ് തിരുമേനിയുടെ സന്ദേശം................................02
**പുതുക്കത്തിന്റെ പുതുവർഷം**
ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത

മുഖമൊഴി................................04
**ഋതുക്കൾ പുനർജനിക്കുന്നു.**
യൂഥിക

ജനറൽ സെക്രട്ടറിയുടെ കത്ത്................................05
**സ്തുതിയുടെ സംഗീതം**
ഫാ. അജി. കെ. തോമസ്

ലേഖനം................................07
**ഇത് ഒരു ഉൾകാഴ്ചയുടെ കാലമാകട്ടെ**
ഷിജിയച്ചൻ, കറ്റാനം


അതിഥി പംക്തി................................08
**യുവത്വവും പ്രതിബദ്ധതയും**
റൈറ്റ് റവ. ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പ

ഇടയസന്ദേശം................................12
**പുതുവർഷ പൊൻപുലരിയിലേക്ക് കണ്ണുംനട്ട്...**
യൂഹാന്നോൻ മാർ പോളിക്കർപ്പോസ് മെത്രാപ്പോലീത്ത

ലേഖനം................................15
**സർവ്വം ലഹരിമയം**
ഡോ. എൽസി ഉമ്മൻ, കൺസൽട്ടന്റ്, സൈക്യാട്രിസ്റ്റ്

യുവതീപംക്തി................................18
**പരിശുദ്ധാത്മ പുതുക്കത്തിന്റെ നവവർഷം**
മിന്റാ മറിയം വർഗ്ഗീസ്

ദേവാലയ പരിചയം................................21
**തിരുവിതാംകോട് പള്ളി**
റ്റിബൻ ചാക്കോ

ബഥനി സെന്റ് ജോൺസ് ഇംഗ്ലീഷ് മീഡിയം ഹയർസെക്കണ്ടറി സ്കൂൾ, കുന്നംകുളം

ഓർത്തഡോക്സ് യുവജനം ത്രൈമാസിക
ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം

പ്രസിഡന്റ് തിരുമേനിയുടെ സന്ദേശം

# പുതുക്കത്തിന്റെ പുതുവർഷം...



ത്രീയേക ദൈവത്തിന് മഹത്വമുണ്ടാകട്ടെ,

അനുഗൃഹപ്രദമായ പുതുവർഷം ഏവർക്കും ആശംസിക്കുന്നു. ഒരുമനപ്പെട്ട് ആത്മീയ ഭൗതീക തലങ്ങളിൽ പ്രവർത്തിക്കുവാനും പുതുക്കം പ്രാപിക്കുവാനും പുതുവർഷ സ്വപ്നങ്ങൾ മുഖാന്തരമായി തീരട്ടെ. കഴിഞ്ഞുപോയ കാലങ്ങളിലെ ദുരനുഭവങ്ങളുടെ കണക്കെടുപ്പിനുള്ള സമയമല്ല പുതുവർഷം മറിച്ച്, മുന്നോട്ടുള്ള പ്രയാണത്തിന് ഊർജം സംഭരിക്കുന്ന നല്ല പ്രത്യാശയുടെ നാളുകളായി പുതുവർഷത്തിന്റെ ഓരോ ദിനങ്ങളെയും നമുക്ക് മാറ്റാം.

ജനുവരി മാസം ഒന്നാം തീയതി എന്നാൽ യൽദോ പെരുന്നാളിന് ശേഷം എട്ടാം നാളാണ്. തിരുവചനപ്രകാരം പ. സഭ അന്ന് കർത്താവിന്റെ ചേലാകർമ്മപെരുന്നാൾ (വി. ലൂക്കോസ് 2:21) ആഘോഷിക്കുന്നു. ഒപ്പം വി.കപ്പദോക്യൻ പിതാക്കന്മാരുടെയും വി.സഭയെ സത്യവിശ്വാസത്തിൽ നിലനിർത്തിയുറപ്പിച്ച് വളർത്തിയ എല്ലാ മല്പാന്മാരുടെയും ഓർമ്മപ്പെരുന്നാൾ കൊണ്ടാടുന്നു. ഇന്ന് ഉപയോഗത്തിലിരിക്കുന്ന കലണ്ടർ പ്രകാരമുള്ള വർഷാരംഭവും അതേ ദിവസം വരുന്നു.

യഹോവയായ ദൈവം അബ്രഹാമിൽ ആരംഭിച്ച ഉടമ്പടിയാണ് പരിച്ഛേദന (ഉല്പത്തി 17:9-27). 99ാം വയസ്സിലാണ് അബ്രഹാം പരിച്ഛേദന ഏല്ക്കുന്നത്. മകൻ ഇസ്മായേലും അവൻറെ ഭവനത്തിലെ ദാസന്മാരുൾപ്പെടെ ആൺപ്രജ മുഴുവനും പരിച്ഛേദനയേറ്റ് യഹോവയുമായി ഒരു രക്ത ഉടമ്പടിയിൽ ഏർപ്പെടുന്നു. തുടർന്ന് ഇസഹാക്കിന്റെ ജനനത്തിൻറെ എട്ടാം നാളിൽ അബ്രഹാം അവനെ പരിച്ഛേദന ചെയ്തതു മുതൽ എട്ടാം നാൾ പരിച്ഛേദന എന്ന നിയമം പ്രാബല്യത്തിൽ വരുന്നു (അപ്പോ. പ്ര. 7:2-10). ഒരു വ്യക്തിയുടെ ജനനം മുതൽ എട്ടാം നാൾ പരിച്ഛേദന നടത്തി ആ വ്യക്തിക്ക് പേരിടണം. ഭാരതീയ രീതിയിൽ കുഞ്ഞിനെ പേർ ചൊല്ലി വിളിക്കുന്ന നാമകരണ സംസ്ക്കാരമാണ് ഇത്. വി. മാമോദീസായുടെ ക്രമത്തിൽ തൈലം കൂടാതെയുള്ള ആദ്യത്തെ മുദ്രണ സമയത്താണ് പൗരസ്ത്യ ഓർത്തഡോക്സ് സഭ ഒരു വ്യക്തിയ്ക്ക് പേർ നൽകി വിളിക്കുന്നത് എന്ന് ഓർമ്മിക്കാം.

നമ്മുടെ കർത്താവിനടുത്ത പെരുന്നാളുകളിൽ ചേലാകർമ്മ പെരുന്നാളിന്റെ പ്രാധാന്യം ഒരു പക്ഷേ കുറഞ്ഞ് ആ ദിവസത്തിന് വർഷാരംഭം എന്ന അമിത പ്രാധാന്യം പലപ്പോഴും കൊടുക്കുന്നതായി

ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ന്യൂ ഇയറിൽ (ജനുവരി 1) നന്നാകാനിരിക്കുന്ന ആത്മീയ വേരില്ലാത്ത ചിലരുടെ കണ്ടുപിടുത്തമാണ്, ഡിസം. 31-ന് രാത്രിയിൽ 12 മണിക്ക് വി. കുർബ്ബാന അർപ്പിച്ച് ലൈറ്റ് അണയ്ക്കുകയും വീണ്ടും കത്തിക്കുകയും ഒക്കെ ചെയ്യുന്ന പ്രതിഭാസം. അത്തരത്തിലുള്ള നാടകങ്ങൾ പ. സഭയുടെ ആരാധനാ പാരമ്പര്യത്തിൽ ഇല്ല എന്ന് പ്രത്യേകം ഓർക്കണം. പ. സഭയുടെ ആരാധനാ വർഷം ആരംഭിക്കുന്നത് കൂദോസ് ഈത്തോ പെരുന്നാളിലാണെന്ന് നാം കണ്ടുവല്ലോ.

അബ്രഹാമിൽ ആരംഭിച്ച ജഡിക പരിച്ഛേദന ക്രിസ്തുവിൽ പുതുക്കപ്പെടുമ്പോൾ നാം ആത്മിക പരിച്ഛേദന ഏറ്റവരായി ക്രിസ്തുവിൽ പുതിയ ഒരു ജനതയായി തീരുന്നുയെന്ന സത്യം വിശ്വാസികളെ ധ്യാനപൂർവ്വം പഠിപ്പിക്കേണ്ട ദിവസമാണിത്. അവ്വണ്ണം നമ്മെ വളർത്തിയ പിതാക്കന്മാരെയെല്ലാം ആ ദിവസത്തിൽ ഓർത്ത് പ. സഭയുടെ ഏറ്റവും വലിയ ഓർമ്മപെരുന്നാളായി ആ ദിവസം ആഘോഷിക്കുവാനാണ് പ. സഭ ആഹ്വാനം ചെയ്യുന്നത്. മറ്റ് പെരുന്നാൾ ദിനങ്ങൾ പോലെ പിതാക്കന്മാരുടെ പെരുന്നാൾ ക്രമത്തിൽ സന്ധ്യ മുതൽ നമസ്ക്കാരങ്ങൾ ആരംഭിച്ച് ഉച്ച വരെയുള്ള ക്രമം പൂർത്തീകരിച്ച് പെരുന്നാൾ ക്രമത്തിൽ വി. കുർബ്ബാന അർപ്പിച്ച് സെക്കുലർ പുതുവർഷത്തിലേക്ക് പ്രവേശിക്കുന്നതായിരിക്കും ഏറെ അഭികാമ്യം. ചുരുക്കത്തിൽ കർത്താവിന്റെ ചേലാകർമ്മ പെരുന്നാളും, പിതാക്കന്മാരുടെ ഓർമ്മ പെരുന്നാളും കഴിഞ്ഞുള്ള പ്രാധാന്യം മാത്രമേ റോമൻ കലണ്ടർ പ്രകാരമുള്ള പുതുവത്സരത്തിന് കൊടുക്കേണ്ടതുള്ളു എന്ന് സാരം.

ജനുവരി മാസം മൂന്നാം തീയതി മലങ്കരസഭയെ സംബന്ധിച്ചിടത്തോളം ഏറെ പ്രാധാന്യമുള്ള ഒരു പെരുന്നാൾ (വലിയനാൾ)ആണ്. വിദേശ മത മേൽ കോയ്മകൾ ക്കെതിരെ മലങ്കര നസ്രാണികൾ മട്ടാഞ്ചേരി യിൽ സംഘടിച്ച് പ്രതിജ്ഞയെടുത്തതിന്റെ - കൂനൻകുരിശ് സത്യം 370-ാം ഓർമ്മ നാം ആഘോഷിക്കുന്നു.

പ്രിയ യുവജനങ്ങളെ,

യുവതി-യുവാക്കളിലെ സർഗാത്മകമായ കലകളെയും കഴിവുകളെയും പ്രോത്സാഹിപ്പിക്കുന്നതിൽ പ്രസ്ഥാനം വളരെയധികം ശ്രദ്ധിച്ചുവരുന്നുവല്ലോ. ഈ വർഷത്തെ യുവജന കേന്ദ്ര കലാമേള കുന്നംകുളം ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ ആതിഥേയത്വത്തിൽ ജനുവരി 14-ാം തീയതി ബഥനി സെന്റ് ജോൺസ് ഇംഗ്ലീഷ് മീഡിയം ഹയർസെക്കണ്ടറി സ്കൂളിലെ പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ നഗറിൽ വച്ച് വളരെ വിപുലമായ രീതിയിൽ നടത്തുകയാണ്. യുവജനങ്ങൾക്ക് അവരുടെ കഴിവുകൾ പ്രകടിപ്പിക്കുവാനും അനുഗ്രഹപ്രദമായ നടത്തിപ്പിനും നാം എല്ലാവരും പ്രാർത്ഥിക്കുകയും ഒപ്പം ഐക്യത്തോടെ പ്രവർത്തിക്കുകയും ചെയ്യണം.

നമ്മുടെ പ്രസ്ഥാന പ്രവർത്തകർ സമസ്ത മേഖലകളിലും വ്യക്തിഗത നേട്ടങ്ങൾ കൈവരിക്കുന്നു എന്നറിയുന്നതിൽ അഭിമാനിക്കുന്നു. പുതുവർഷത്തിൽ കൂടുതൽ നേട്ടങ്ങൾ യുവജനങ്ങൾക്ക് നേടാൻ കഴിയട്ടെ എന്ന് പ്രാർത്ഥിക്കുകയും, യുവജനങ്ങൾ കൂടുതലായി അവരവരുടെ കഴിവുകളും സാധ്യതകളും പരമാധി പ്രയോജനപ്പെടുത്തി സഭയ്ക്കും സമൂഹത്തിനും ഉത്തമ മാതൃകകളായി തീരുവാൻ ഇടയാകട്ടെ.

എല്ലാവർക്കും ഒരിക്കൽകൂടി പുതുവത്സരം ആശംസിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

ഓർത്തഡോക്സ് യുവജനം ത്രൈമാസിക
ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം

EDITORIAL

# ഋതുക്കൾ പുനർജനിക്കുന്നു...

സമാധാനത്തിന്റെ ദൂതും സമഭാവനയുടെ കർമവും വെളിവാക്കിയ തിരുജനന പിറവി പിന്നിട്ട് അനുഗ്രത്തിന്റെ ഹരിതാഭവും സ്വപ്നങ്ങൾക്ക് പുതു നാമ്പ് തളിരിടുന്നതുമായ പുതുവർഷ പിറവിറയെ സ്വീകരിച്ച് ദിനങ്ങളെ തേജോമയമാക്കി നാം മുന്നേറുകയാണ്. കാലഗതിക്കനുസരിച്ച് പുതുദിനങ്ങളും മാസങ്ങളും വർഷങ്ങളും കടന്നുപൊയ്ക്കൊണ്ടിരിക്കുന്നു... ഋതു ഭേദങ്ങൾ സർവ്വ ചരാരങ്ങളുടെയും മുമ്പിൽ മിന്നിമറയുന്നു.

ഇന്നലകളിലെ പാഠങ്ങൾ ഉൾകൊണ്ട്, ഇന്നിന്റെ ധന്യതയിൽ കാലൂന്നി, നാളയെ സുന്ദരമാക്കുവാനുള്ള ദൈവീക കൃപാവര ചിന്ത നമ്മിൽ അങ്കുരിക്കണം. എന്നാൽ ഇന്നലകളിലെ ദുരനുഭവങ്ങളുടെ കണക്കെടുപ്പോ, നാളയെ കുറിച്ചുള്ള അമിത പ്രതീക്ഷകളൊ മനസിന്റെ ഉള്ളറകളിൽ കുത്തിനിറച്ചാൽ ആശങ്കകൾ മാത്രമായിരിക്കും പ്രതിഫലനം.

ആവണി മാസത്തിലെ പച്ചവിരിച്ച പാടങ്ങൾ ശരത്കാലത്തിൽ കരിഞ്ഞുണങ്ങുന്നു... ഋതുഭേദങ്ങളിലെ സുന്ദരമുഹൂർത്തങ്ങളിൽ ആവോളം ലയിക്കാം... ഉണങ്ങിവരണ്ട നിലങ്ങളിൽ ആനന്ദാനുഭൂതിയായ ഹിമകണങ്ങൾ വീഴമെന്ന ശുഭാപ്തി വിശ്വാസം കാലങ്ങൾക്ക് സമർപ്പിക്കാം... തന്നെത്തന്നെ ദൃഢപ്പെടുത്തി മറ്റുള്ളർക്ക് കൂടി തണലായി, താങ്ങായി, തളിരിടുന്ന വടവൃക്ഷം എത്രയോ പ്രതിസന്ധികളെയും ആശങ്കകളെയും തരണം ചെയ്തായിരിക്കണം നിലയുറപ്പിച്ചിരിക്കുന്നത്...

കാലങ്ങൾ മാറി മറിയുമ്പോൾ കാതലായ മാറ്റങ്ങൾ ജീവിതത്തിൽ അനുവർത്തിക്കുവാനും, അനുഷ്ഠിക്കാനും നമുക്ക് സാധ്യമാകണം. സുഖവും ദുഃഖവും ജീവിത നാണയത്തിന്റെ രണ്ടുവശങ്ങളാണ്. ഓരോ സന്തോഷത്തിനു പിന്നാലെയും ചെറുതും വലുതുമായ പ്രശ്നങ്ങളും അതിനെ തുടർന്നുള്ള വിഷമങ്ങളും പ്രയാസങ്ങളും നാം പ്രതീക്ഷിക്കേണ്ടിയിരിക്കുന്നു. തിരിച്ച്, ദുഃഖങ്ങളുടെ പിന്നാലെ വലിയ സന്തോഷങ്ങളും വന്നു ചേരുമെന്നും തിരിച്ചറിയണം.. സന്തോഷവും ദുഃഖവും തീർത്തും ആപേക്ഷികമാണ്.

സന്തോഷം മാത്രമുള്ള ഒരു ജീവിത സ്വപ്നം മിഥ്യ ആണ്. ദുഃഖം മാത്രമുള്ള ജീവിതം യാഥാർത്ഥ്യവുമല്ല... ഒരു കുന്നുണ്ടെങ്കിൽ ഒരു കുഴിയുമുണ്ട്, ഒരു മലയുണ്ടെങ്കിൽ ഒരു താഴ്‌വാരവും.പ്രഭാതത്തിൽ ഏറെ അഭിമാനത്തോടും സന്തോഷത്തോടും കൂടി ഉദിച്ചു പൊങ്ങുന്ന സൂര്യനറിയാം സന്ധ്യയാകുമ്പോൾ താൻ തിരിച്ചുപോയെ മതിയാവു എന്ന്... രാത്രിക്ക് ഒരു പകൽ അനിവാര്യമണല്ലോ.

ഋതുകൾ മാറിമറിയും കാലചക്രം വീണ്ടുമുരുളും അവനവന് മൂല്യങ്ങളുടെ ദൃഢത സ്വായത്തമാക്കിയും സഹജീവികൾക്ക് തണലായി മറുകയും ചെയ്യുന്നതാവണം പുതു വർഷ സ്വപ്നങ്ങൾ... സ്നേഹം, കരുണ, വാത്സല്യം, സഹകരണ മനോഭാവം, നീതി ബോധം, ഉത്തരവാദിത്വബോധം, കൃത്യനിഷ്ഠ, സത്യം, ധർമം തുടങ്ങിയ നല്ല മൂല്യങ്ങൾ നിഴലായി നമ്മുടെ കൂടെ ഉണ്ടാവട്ടെ. പക, വെറുപ്പ്, ദേഷ്യം, കോപം, അസൂയ, ഈർഷ്യ, സ്വാർത്ഥത, ചതി, വഞ്ചന, കളവ് തുടങ്ങിയ ദിശയും ദിക്കും തെറ്റിക്കുന്ന നിഷേധാത്മക മൂല്യങ്ങളെ നമുക്ക് പിന്തള്ളാം... എൻ.എൻ. കക്കാടിന്റെ 'സഫലമീ യാത്ര' എന്ന കവിത എത്ര മനോഹരമായിട്ടാണ് അവസാനിക്കുന്നത്....

**'കാലമിനിയുമുരുളും... വിഷുവരും വർഷം വരും തിരുവോണം വരും പിന്നെയൊരോതളിരിനും പൂ വരും കായ്‌വരും........'**
ഋതുഭേദങ്ങൾ പുനർജ്ജനിക്കട്ടെ ഒപ്പം നമ്മുടെ മാനുഷിക മൂല്യങ്ങളും...

പ്രിയ യുവജനങ്ങൾക്ക് സ്നേഹാർദ്രമായ പുതുവത്സരാശംസകൾ

സ്നേഹപൂർവ്വം,
**ഫാ. ലൂക്ക് ബാബു (യൂഥിക)**
ചീഫ് എഡിറ്റർ

ജനറൽ സെക്രട്ടറിയുടെ കത്ത്

# സ്തുതിയുടെ സംഗീതം



**ഫാ. അജി കെ. തോമസ്**
ജനറൽ സെക്രട്ടറി

സംഗീതമാകുന്ന ജീവിതം ഏറ്റവും ധന്യമാകുന്നത് ദൈവത്തിനു മഹത്വം കരേറ്റുന്നതിലൂടെയാണ്. സ്വർഗീയ മാലാഖമാർ പാടിയ മഹത്വഗാനം പാടി ദൈവത്തെ സ്തുതിക്കാം. പുതിയ വർഷത്തിൽ ദൈവം നമ്മോടു കൂടെയിരുന്നു ബലപ്പെടുത്തട്ടെയെന്നു പ്രാർത്ഥിക്കുന്നു.

യുവജന പ്രസ്ഥാനത്തിന്റെ അംഗം എന്ന നിലയിൽ ആരാധന ജീവിതത്തിന്റെ അടിസ്ഥാനവും വിശുദ്ധ വേദപുസ്തക പഠനവും സത്യവിശ്വാസ ബോധനവും ജീവിത നിഷ്ഠയും സേവനം ജീവിതത്തിന്റെ കർമവുമാകണം . ധാരാളം ജീവകാരുണ്യ പ്രവർത്തനങ്ങൾ കേന്ദ്ര ഭദ്രാസന യൂണിറ്റ് അടിസ്ഥാനത്തിൽ ചെയ്യുന്നത് അത് കേന്ദ്രീകൃതമായി ഒരുമിപ്പിച്ചു പ്രസ്ഥാനവുമായി യോജിപ്പിച്ചു നിർവഹിക്കണം. പരിശുദ്ധ ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ ബാവ തിരുമേനിയുടെ സ്വപ്നമായ 2052 വീടുകൾ എന്നതിന്റെ പ്രവർത്തനങ്ങൾ യൂണിറ്റ് ഭദ്രാസന പ്രവർത്തകർ തുടങ്ങി കഴിഞ്ഞു. അത് ഒരു കേന്ദ്രീകൃത പദ്ധതിയായി പൂർത്തീകരിക്കുവാൻ കഴിയണം.

ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന്റെ ജനറൽ സെക്രട്ടറിയായി കഴിഞ്ഞ 6 വർഷം ചുമതലകൾ നിർവഹിക്കുവാൻ ദൈവം നിയോഗം നൽകി. ജീവിതത്തിലെ അവിസ്മരണിയവും അതുല്യവുമായ നാളുകൾ ആയിരുന്നു നിങ്ങളോടൊപ്പം ചേർന്നു നടക്കുവാൻ ഇടയായ ദിവസങ്ങൾ എന്നത് ഓർത്ത് ദൈവത്തെ മഹത്വപ്പെടുത്തുന്നു. പരിശുദ്ധ സഭയിൽ ഏൽപ്പിക്കപ്പെടുന്ന എല്ലാ സ്ഥാനങ്ങളും ശുശ്രൂഷയുടെ നിയോഗങ്ങളാണ് എന്ന തിരിച്ചറിവിലും ബോധ്യത്തിലും ആണ് ഇന്നുവരെയും എന്നിൽ ഭരമേൽപ്പിക്കപ്പെട്ട ദൗത്യങ്ങൾ എല്ലാം ദൈവാശ്രയത്തോടെ ചെയ്തത്. ലഭിച്ച നന്മകൾക്കെല്ലാം നിങ്ങളോടും സർവ്വശക്തനോടും കടപ്പെട്ടിരിക്കുന്നു. മാനുഷികമായ കുറവുകൾ നിമിത്തം പൂർണ്ണതകൾ അവകാശപ്പെടുന്നില്ല. സകലതും നിറയ്ക്കുന്ന നിറവായ ദൈവം തുടർന്നും കൂടെയിരുന്ന് മലങ്കരയിലെ യുവതയെ വഴി നടത്തും എന്ന പ്രത്യാശയിൽ ശരണപ്പെടുന്നു.

നിസാരനായ എനിക്ക് ഈ നിയോഗം നൽകി ബലപ്പെടുത്തിയ ഇന്നും സ്വർഗീയ സഭയിൽ മധ്യസ്ഥതയണയ്ക്കുന്ന പരി.ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവ തിരുമേനി, ഇടവങ്കാട് സെന്റ് മേരീസ് ഇടവകയിലെ എം.പി.എം. യുവജന പ്രസ്ഥാനത്തിന്റെ സാധരണ അംഗമായി പ്രവർത്തിച്ച എന്നെ ചെങ്ങന്നൂർ ഭദ്രാസന ത്തിലും അതിലൂടെ


കേന്ദ്ര സമിതി അംഗം എന്ന നിലയിൽ പ്രവർത്തിച്ചതിനാൽ മാവേലിക്കര ഭദ്രാസന യുവജന പ്രസ്ഥാനത്തിന്റെ ശ്രുശൂഷകനായി നിയോഗിച്ച എന്റെ ഭാഗ്യസ്മരണീയനായ പൗലോസ് മാർ പക്കോമിയോസ് തിരുമേനി, മലങ്കര സഭയെ ഭാഗ്യമോടെ വാണരുളുന്ന പരിശുദ്ധ ബസേലിയോസ് മാർത്തോമ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവാ, യുവജന പ്രസ്ഥാനത്തിന്റെ പ്രസിഡന്റുമാരായി പരിശോഭിച്ച എന്നെ ഈ ശുശ്രൂഷയിലേക്ക് ശുപാർശ ചെയ്ത അഭിവന്ദ്യ യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്ത, പിതൃതുല്യമായ സ്നേഹത്തോടെ ചേർത്ത് നിർത്തിയ അഭിവന്ദ്യ ഡോ .യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത, വിശാല മനസ്ക്കതയോടെ ബലം പകർന്ന അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത എന്നിവരോടുള്ള ഭക്തി ആദരവ് സമർപ്പിക്കുന്നു.

സഹോദരന്മാരായി കൂടെ നിന്ന് ശക്തീകരിച്ച ഫിലിപ്പ് തരകൻ അച്ചൻ, വർഗീസ് ടി .വർഗീസ് അച്ചൻ, ഷിജി കോശി അച്ചൻ സഹവർത്തിത്വത്തിന്റെ നന്മകൾ പകർന്ന് നൽകിയ ട്രഷറർമാരായ ജോജി പി. തോമസ്, പേൾ കണ്ണേത്ത്, വിവിധ വർഷങ്ങളിൽ കൂടെയുണ്ടായിരുന്ന കേന്ദ്ര സെക്രട്ടറിമാർ, റീജിയണൽ സെക്രട്ടറിമാർ, കേന്ദ്ര എക്സിക്യൂട്ടീവ് സമിതി അംഗങ്ങൾ, കേന്ദ്ര സമിതി അംഗങ്ങൾ, എല്ലാ ഭദ്രാസനങ്ങളുടെയും വൈസ് പ്രസിഡന്റമാർ, ജനറൽ സെക്രട്ടറിമാർ ഭദ്രാസന സമിതി അംഗങ്ങൾ, ഗൾഫ് സോൺ പ്രവർത്തകർ, യു.എ.ഇ., ഒമാൻ, കുവൈറ്റ് സോൺ, വിദേശത്തും സ്വദേശത്തുമുള്ള യൂണിറ്റ് പ്രവർത്തകർ, പ്രസ്ഥാനത്തിന്റെ മുൻകാല പ്രവർത്തകർ എല്ലാവരോടുമുള്ള സ്നേഹം സമർപ്പിക്കുന്നു.

നമ്മുടെ പൂർവിക പിതാക്കന്മാർ വലിയ ദർശനത്തോടെ വിഭാവനം ചെയ്ത ഈ പ്രസ്ഥാനത്തിന് ഇനി ബഹുദൂരം പ്രയാണം ചെയയേണ്ടിയിരിക്കുന്നു പ്രസ്ഥാനത്തിന് നേതൃത്വം നൽകുവാൻ അഭിവന്ദ്യ പ്രസിഡന്റ് തിരുമേനിക്കും വൈസ് പ്രസിഡന്റ് ഷിജി അച്ചനും പുതിയ ജനറൽ സെക്രട്ടറി വിജു ഏലിയാസ് അച്ചനും ട്രഷറർ പേൾ കണ്ണേത്തിനും അസംബ്ലി അംഗങ്ങൾ, കേന്ദ്ര സമിതി അംഗങ്ങൾ, റീജിയണൽ, ഭദ്രാസന, യൂണിറ്റ് പ്രവർത്തകർക്കും അംഗങ്ങൾക്കും ദൈവം ബലം നല്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

'യുവജനം' ത്രൈമാസിക യുവജന പ്രസ്ഥാനത്തിന്റെ ശ്രേഷ്ഠമായ ഒരു പ്രസിദ്ധീകരണമാണല്ലോ. കൂടുതൽ ആശയങ്ങൾ സംവേദിക്കുവാനുള്ള ഇടവും കൂടിയാണ് യുവജനം ത്രൈമാസിക. ത്രൈമാസികയുടെ മുൻ ഭാരവാഹികളെ നന്ദിയോടെ ഓർക്കുകയും, ഇപ്പോഴത്തെ പ്രവർത്തകർക്ക് എല്ലാ ആശംസകൾ നേരുകയും ചെയ്യുന്നു. ഇതിന്റെ പ്രവർത്തനങ്ങൾ കൂടുതൽ അനുഗ്രഹപ്രദമായി തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

എല്ലാവർക്കും പുതുവത്സരത്തിന്റെ സമഗ്രമായ അനുഗ്രഹം നേരുന്നു.



ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം
ഓർത്തഡോക്സ് യുവജനം ത്രൈമാസിക



**ഷിജിയച്ചൻ, കറ്റാനം**
വൈസ് പ്രസിഡന്റ്

# ഇതൊരു ഉൾക്കാഴ്ച്ചയുടെ കാലമാകട്ടെ...

2022 പടിയിറങ്ങി... ലോകം മുഴുവൻ 2023 നെ വരവേൽക്കുവാൻ കാത്തിരിക്കുമ്പോൾ, പുതിയ തീരുമാനങ്ങളും പുതിയ പ്രതീക്ഷകളും മാലോകരുടെ മനസ്സിൽ ഇടം പിടിച്ചിട്ടുണ്ട്. ഒപ്പം പോയ വർഷത്തിലെ ചില പരാജയങ്ങളും, അതിലുപരി വിരുന്നെത്തിയ ഒരു പിടി നേട്ടങ്ങളും.

**ഈ പുതുവത്സരത്തിൽ നാം ഏറെ ശ്രദ്ധയോടെ സ്മരിക്കേണ്ട ചില സംഗതികൾ ഉണ്ട്.**

1. നിനക്ക് അടയാളങ്ങൾ വയ്ക്കണം.
2. കടന്നു പോയ പെരുവഴി മനസ്സിൽ വയ്ക്കണം.
3. കൈചൂണ്ടികളെ നാട്ടണം.

ഇന്നലെ നാം കടന്നുപോയ വഴികൾ, നടത്തിയ കരങ്ങൾ, താങ്ങിയ സ്നേഹം, വിശുദ്ധിയുടെ നാളുകൾ, സഹായിച്ച ഹസ്തങ്ങൾ ഇവയെല്ലാം നമുക്ക് അടയാളങ്ങളായി ഈ പുതുവത്സരത്തിൽ ഉണ്ടാകണം.

നാം കടന്നുപോയ വിശാലവും ദുർഘടവുമായ വഴികൾ, വിജയപരാജയങ്ങളുടെ പാതകൾ ഇവ മനസ്സിൽ ഉണ്ടാകണം, നന്മ നൽകിയ വഴികൾ ഓർത്ത് അഹങ്കരിക്കുകയോ തിന്മ നൽകിയ വഴികൾ ഓർത്ത് പ്രയാസപ്പെടുകയോ ചെയ്യാതെ പ്രത്യാശയോടും, ദൈവാശ്രയ ബോധത്തോടും, കടന്നുപോയ വഴികൾ മനസ്സിൽ വയ്ക്കണം.

വരും വർഷം ഏറെ ഭംഗിയായി പൂർണമായ ദൈവാശ്രയബോധത്തോടും ദൈവസന്നിധിയിലുള്ള വിധേയത്വത്തോടും സമൂഹത്തിനും സഭയ്ക്കും മനുഷ്യർക്കും പ്രയോജനപ്രദമായ നിലയിൽ പ്രവർത്തിപ്പാൻ കൈചൂണ്ടികളെയും നാം നാട്ടണം. ഇപ്രകാരം നാം പ്രവർത്തിക്കുമ്പോൾ ഈ പുതുവർഷം ഉൾക്കാഴ്ച്ചകളുടേതാകും.

കലിംഗ യുദ്ധത്തിന്റെ അവസാനം ഒരു ചോദ്യം അശോകനു മുൻപിൽ വരുന്നുണ്ട്. ''അല്ലയോ അശോകാ നീ വെട്ടി വീഴ്ത്തിയ ഈ മനുഷ്യർക്ക് ജീവൻ തിരികെ നൽകാൻ സാധിക്കുമോ? ഈ ചോദ്യത്തിനൊടുവിൽ അശോകനിൽ ഒരു വെളിച്ചം വന്നുദിച്ച് അദ്ദേഹത്തെ ബുദ്ധമതത്തിന്റെ അനുയായി ആക്കി മാറ്റുന്നുണ്ട്.

ഈ കാഴ്ച്ചയുടെയും ഉൾക്കാഴ്ച്ചയുടെയും മഹത്വം രണ്ട് സംഭവങ്ങൾ പരിഗണിക്കുമ്പോൾ നമുക്ക് വ്യക്തമാകുന്നുണ്ട്. 1961-ൽ മനുഷ്യൻ ആദ്യമായി ബഹിരാകാശത്തെത്തി; ശേഷം യൂറി ഗാഗോറിൻ ഒരു പ്രസ്ഥാവന ചെയ്തു ''ഞാനൊന്നും കണ്ടില്ല, ഞാൻ ബഹിരാകാശത്തിൽ ദൈവത്തെയും മാലാഖമാരെയും ഒന്നും കണ്ടില്ല''. ഇവിടെ ''ഒരു കാഴ്ച്ച നമുക്ക് ദൃശ്യമാകുന്നു.

1971-ൽ ജോൺ എർവിൻ തന്റെ ബഹിരാകാശ യാത്രയ്ക്കു ശേഷം നടത്തുന്ന പ്രസ്ഥാവനയിൽ പറയുകയാണ്; ''ഞാൻ ഒരു നേട്ടവും നേടിയിട്ടില്ല, മനുഷ്യൻ ഭൂമിയിൽ നിന്ന് ബഹിരാകാശത്ത് എത്തിയതിലും അത്ഭുതമാണ്, ദൈവം ഭൂമിയിലെത്തിയത്. ഇവിടെ ഉൾക്കാഴ്ച്ചയുടെ ശ്രേഷ്ഠത വെളിവാകുന്നുണ്ട്.

കേവലം കാഴ്ച്ചയുള്ളവരായല്ല, ഉൾക്കാഴ്ച്ചയുള്ള യുവതലമുറയായി നമ്മുടെ യുവത്വം മാറേണ്ടിയിരിക്കുന്നു. ഇന്നത്തെ യുവതലമുറ എപ്രകാര മാണെന്ന് എന്ന് നാം പരിശോധിച്ചാൽ മനസ്സിലാകുന്നു.

“They're Biologically Living
But Biographically Died”

മറ്റേതോ ലോകത്തിൽ, വലിയ ഭവനങ്ങളും, വെട്ടം കയറാത്ത മനസ്സുമായി ജീവിക്കാതെ ലോകത്തെ അറിയുവാൻ ദൈവത്തെ അറിയുവാൻ, സ്വന്തം മനസാക്ഷിയെ മനസ്സിലാക്കുവാൻ സാധിക്കുന്ന തരത്തിൽ അർത്ഥവത്തായ വർത്തമാന കാലത്തിന്റെ ആരംഭമായി ഈ പുതുവർഷം മാറട്ടെ.

ഓർത്തഡോക്സ് യുവജനം ത്രൈമാസിക
ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം

അതിഥി പംക്തി



# യുവതയും പ്രതിബദ്ധതയും



**റൈറ്റ് റവ.ഡോ.തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പാ**
(മാർത്തോമ സഭ, കുന്നംകുളം – മലബാർ ഭദ്രാസനം)

'പുതുവർഷം: യുവജനങ്ങളും (ക്രൈസ്തവ) സാമൂഹ്യപ്രതിബദ്ധതയും നിലപാടുകളും' എന്ന ഗൗരവമേറിയ വിഷയം ചർച്ചയ്ക്ക് തിരഞ്ഞെടുത്തതിലുള്ള അഭിനന്ദനം അറിയിക്കുന്നു.

'യൗവനം' ജീവിത്തിലെ നിർണ്ണായക ഘട്ടമാണ്. ശൈശവ-ബാല്യ- കൗമാരങ്ങളിൽ സമാർജിക്കുന്ന ബോധനവും ബോധ്യങ്ങളും ചേർന്ന് വ്യക്തിത്വം പക്വതപ്രാപിക്കുന്ന, പ്രബുദ്ധതയുടെയും പ്രായോഗികതയുടെയും വേളയാണത്. ജീവിതനിയോഗം തിരിച്ചറിഞ്ഞ് അത് ഏറ്റെടുക്കുന്ന സമയം. അതിനാൽ യൗവനത്തിലേക്കുള്ള വളർച്ച പോലെ പ്രധാനമാണ് യൗവനത്തിലെ തിരഞ്ഞെടുപ്പുകളും. ഒരാളുടെ ജീവിതത്തെ നിർണയിക്കുകയും അടയാളപ്പെടുത്തുകയും ചെയ്യുന്നത് യൗവനത്തിലെ ചുവടുവയ്പുകളാണ്.

വർത്തമാനകാലം നമ്മുടെ മുന്നില വതരിപ്പിക്കുന്നത് അനുനിമിഷ മാറ്റങ്ങളുടെ വേലിയേറ്റമാണ്. അനവധി കണ്ടുപിടിത്തങ്ങൾ ദിനംപ്രതി നടക്കുന്നു. അവ പുതിയ ഉല്പന്നങ്ങളായും ജീവിതരീതിയായും തൊഴിൽ സംസ്കാരമായും രൂപംകൊള്ളുന്നു. 'നിർമമത' അഥവാ 'അരാഷ്ട്രീയത' ഒരു വിഭാഗം യുവാക്കളെയെങ്കിലും ഒന്നിനോടും വിധേയത്വമോ പ്രതിബദ്ധതയോ ഇല്ലാത്ത വരാക്കി മാറ്റുന്നു. പണമാണ് പ്രധാനം, മനുഷ്യനല്ല എന്ന നിലപാട് ഇങ്ങനെ പ്രബലമാവുന്നു. സത്യാന്തരകാലത്തിന്റെ മുഖമുദ്രയായ മിഥ്യകളുടെ പ്രചാരണ വേലിയേറ്റം ലളിതബുദ്ധികളായ യുവാക്കളെ ആവേശിക്കുന്നു. രാഷ്ടീയപ്രസ്ഥാനങ്ങൾ പോലും ഇത്തരം ഗീബൽസിയൻ തന്ത്രം പയറ്റുന്നു.

ആധുനിക തൊഴിലിടങ്ങൾ ഏല്പിക്കുന്ന അതിസമ്മർദ്ദം യുവാക്കളുടെ രോഗാതുരതയ്ക്കും കുടുംബത്തകർച്ചയ്ക്കും അകാല വാർദ്ധകൃത്തിനും കാരണമാവുന്നുണ്ട്. മായികപ്രലോഭനങ്ങളുടെയും ലഹരിയുടെയും സുനാമി യുവാക്കളെ മൂല്യനിരാസത്തിലേക്കും അപഥസഞ്ചാരത്തിലേക്കും അധഃപതനത്തിലേക്കും ആട്ടിത്തെളിക്കുന്നു.

മുമ്പെന്നേക്കാളും സംഘർഷ-സന്ദിഗ്ദ്ധ-സംത്രാസസന്നിഭമാണ് ആധുനികയുവതയുടെ ആന്തരിക-ബാഹ്യമണ്ഡലങ്ങൾ. ഡി.ജെ. പാർട്ടികളോ, എ.ഡി.എം.എ-യോ, മുന്തിയ ശമ്പളമോ, കൗൺസിലങ്ങോ പോലും ഇതിനു പരിഹാരമാവുന്നില്ല. സമഗ്രമായ ആത്മീയസമീപനമാണ് ഇവിടെ സ്വീകരിക്കേണ്ടത്.

യൗവനം ക്രൈസ്തവമാവുന്നത് യേശുവിന്റെ യൗവനം മാതൃകയാക്കുമ്പോഴാണ്. യേശു തന്റെ മുപ്പതാം വയസ്സിൽ ആരംഭിച്ച പൊതുജീവിതത്തിന്റെ മുന്നോടിയായി ചെയ്തത് യോഹന്നാൻ സ്നാപകനാൽ സ്നാനം ഏൽക്കുകയായിരുന്നു. യോഹന്നാൻ നൽകിയ മാനസ്സാന്തരസ്നാനം ദൈവരാജ്യപ്രസ്ഥാനത്തിലേക്കുള്ള ഉപനയനം ആയിരുന്നു. ഓരോരുത്തരും പാപം ഏറ്റുപറഞ്ഞുപേക്ഷിച്ച് വ്രതശുദ്ധമായ ഉണ്മയിലേക്കുയരുക എന്നതാണത്. ദൈവവിരുദ്ധമായ ചിന്തയും വാക്കും പ്രവൃത്തിയുമാണ് പാപം. അത് ദൈവസൃഷ്ടിയുടെ സംവിധാനക്രമത്തിനു വിരുദ്ധമാണ്. പാപം ചെയ്യുമ്പോൾ, വിശുദ്ധനായ ദൈവം സൃഷ്ടിച്ച പ്രപഞ്ചത്തിന്റെ വിധാനീയതയ്ക്കു വിരുദ്ധമായി പ്രവർത്തിക്കയാണ്. അതിനാൽ ഓരോ പാപവും ദൈവവിരുദ്ധവും സൃഷ്ടിവിരുദ്ധവുമാണ്. സാമൂഹത്തിൽ വർദ്ധിച്ചുവരുന്ന തിന്മകൾ, സാമ്പത്തിക ഉച്ചനീചത്വം, വായുമലിനീകരണം, ജലമലിനീകരണം, അന്തരീക്ഷതപനം, പരിസ്ഥിതിവിനാശം, കാലാവസ്ഥാവ്യതിയാനം തുടങ്ങിയ എല്ലാ പ്രശ്നങ്ങളും മനുഷ്യരുടെ പാപത്തിന്റെ ഫലമാണ്. മനുഷ്യർ പരസ്പരവും സൃഷ്ടിപ്രപഞ്ചത്തിലും നടത്തിയ കടന്നുകയറ്റമാണ് സാമൂഹികവും പാരിസ്ഥിതികവുമായ താളംതെറ്റലിൽ കലാശിച്ചത്.

'രക്ഷ' എന്നത് സൃഷ്ടിയുടെ താളക്രമം വീണ്ടെടുക്കലാണ്. തിന്മകൾ തിരിച്ചറിഞ്ഞു തിരുത്തുന്നതാണ് മാനസ്സാന്തരം. മാനസ്സാന്തരപ്പെടുന്നതിലൂടെ ദൈവവുമായും സകലസൃഷ്ടിയുമായും സ്വൈക്യം സ്ഥാപിക്കയാണ്. ഓരോ സൃഷ്ടിയും മറ്റുള്ളവയുമായുള്ള പാരസ്പര്യത്തിലേക്കാണ് പിറന്നുവീഴുന്നത്. സൃഷ്ടിയുടെ സംവിധാന ക്രമം തകിടംമറിക്കാൻ കഴിയുന്നത് മനുഷ്യനു മാത്രമാണ്. രക്ഷ എന്നത് സൃഷ്ടിയുടെ സംവിധാന ക്രമത്തിന്റെ പുനഃസ്ഥാപനമാണ്. ഈ ദൗത്യം ഏറ്റെടുക്കുന്നതാണ് രക്ഷണ്യ ശുശ്രൂഷ. ദൈവസൃഷ്ടിയെ അരക്ഷിതമാക്കുന്നത് മനുഷ്യരാകയാൽ രക്ഷാസന്ദേശം മനുഷ്യരോടാണ് ഘോഷിക്കേണ്ടത്. ദൈവവും സർവ്വസൃഷ്ടിയുമായുള്ള യോഗാത്മകബന്ധത്തിൽ നമ്മെ ഉറപ്പിക്കുന്നതാണ് ശരിയായ മാനസ്സാന്തരസ്നാനം. ആ മാനസ്സാന്തര മുന്നണിയോടുള്ള ഐക്യദാർഢ്യമായാണ്, യോഹന്നാൻ എത്ര വിലക്കിയിട്ടും യേശു നിർബന്ധപൂർവ്വം യോഹന്നാനാൽ സ്നാപനം സ്വീകരിച്ചത്.

ജീവിതത്തെ സാർത്ഥകമാക്കുന്നത് നമ്മുടെ ദർശനമാണ്. അനേകം ദർശനങ്ങൾ സജീവമായ കാലത്താണ് നാം ജീവിക്കുന്നത്. അവയെല്ലാം മനസ്സിലാക്കുന്നത് നല്ലതു തന്നെ. എന്നാൽ യേശു പ്രസംഗിച്ചതും പ്രായോഗികമാക്കിയതുമായ ദൈവരാജ്യം എന്ന സനാതനവ്യവസ്ഥിതിയുടെ ദർശനം നമ്മിൽ സാന്ദ്രമാവുമ്പോഴാണ് ക്രൈസ്തവയൗവനം ഉരുവംകൊള്ളുന്നത്. യേശുവും യോഹന്നാനും മുപ്പതുവയസ്സുവരെയുള്ള പ്രായം ഈ ദർശനം രൂഢമൂലമാക്കാനുള്ള തപശ്ചര്യയിലായിരുന്നു എന്നു വേണം കരുതാൻ. വർത്തമാനകാല യൗവനം വലിയ ബിരുദങ്ങൾക്കും മുന്തിയ ജോലിക്കും ഉയർന്ന ജീവിതനിലവാരത്തിനുമായി മത്സരിക്കുമ്പോൾ ദൈവരാജ്യദർശനം പഴഞ്ചനും പാഴ്‌വേലയുമെന്നു കാണുക സ്വാഭാവികം. വ്യക്തിത്വവികസനഘട്ടമായ ബാല്യ-കൗമാരങ്ങളിൽ നൽകുന്ന ക്രിസ്തീയ വിദ്യാഭ്യാസത്തിലൂടെ മാത്രമേ ഇത് പരിഹരിക്കാനാവൂ. ദൈവരാജ്യദർശനപൂർണ്ണിമ യൗവനത്തിൽ സാധിതമായാൽ അത് ജീവിതത്തെ സുന്ദരവും സാർത്ഥകവുമാക്കും.

യേശു നയിച്ച ദൈവരാജ്യപ്രസ്ഥാനം നിലവിലെ മത-സാമൂഹ്യ- രാഷ്ട്രീയഘടനകളെ വെല്ലുവിളിക്കുന്നതായിരുന്നു.

റോമാസാമ്രാജ്യത്തെയും സംഘിടിത യഹൂദ മതത്തെയും തീർത്തും വിറളിപിടിപ്പിക്കുന്ന ആശയ- അനുഭവവാതായനമാണ് 'ദൈവരാജ്യം' തുറന്നിട്ടത്. ദൈവം പിതാവും സകലമനുഷ്യരും സ്വർഗ്ഗപിതാവിന്റെ മക്കളും, അതിനാൽത്തന്നെ ഏകോദര സഹോദരങ്ങളും എന്ന നിത്യനൂതന ദർശനമാണ് ദൈവരാജ്യം. സാഹസികവും അപായകരവമായ നീക്കമായിരുന്നു അത്. സാമ്രാജ്യവും- അധിനിവേശവും, യജമാനനും - അടിമയും, പ്രഭുക്കളും - കുടിയാന്മാരും, പുരുഷനും - സ്ത്രീയും, യഹൂദനും- പുറജാതിയും, യവനനും-ബർബരനും എന്നിങ്ങനെ മനുഷ്യരാകെ സാമ്പത്തിക, രാഷ്ട്രീയ, മത,സാമൂഹിക, ലിംഗ വ്യത്യാസത്തിന്റെ പേരിൽ മേൽ-കീഴ് വിതാനങ്ങളിൽ കർശനമായും തളച്ചിടപ്പെട്ട പരിസരത്തിലാണ് ദൈവരാജ്യദർശനം അവതരിക്കപ്പെടുന്നത്. അന്നത് എത്രമാത്രം വിപ്ലവകരമാണെന്ന് ഊഹിക്കാവുന്നതേയുള്ളൂ. അവഗണിതർക്ക് അത് ആശ്വാസവും ആഹ്ലാദവും നൽകുമെങ്കിലും അധീശവർഗ്ഗത്തെ അത് വെറളിപിടിപ്പിക്കുമെന്നതിനും നഖശിഖാന്തം എതിർക്കുമെന്നതിനും സംശയമില്ല.

യേശു ദൈവപുത്രനാണെങ്കിലും പ്രലോഭനങ്ങളെ അഭിമുഖീകരിക്കേണ്ടിവന്നു. യേശു മരുഭൂമിയിൽ നേരിട്ട പരീക്ഷകളെ 'ജഡമോഹം, കൺമോഹം, ജീവിനത്തിന്റെ പ്രതാപം' എന്നീ മൂന്നു ഇനങ്ങളിൽ പ്പെടുത്താം. യേശു അവയെ അഭിമുഖീകരിക്കുകയും അതിജീവിക്കുകയും ചെയ്യുന്നു. പ്രലോഭനം എല്ലാവർക്കും ഉള്ളതാണ്. ആർക്കുമുണ്ടാവുന്ന ഏതു പരീക്ഷയും യേശു നേരിട്ട മൂന്നു പ്രലോഭനങ്ങളിൽപ്പെടുന്നതാണ്. അതിനെ എങ്ങനെ അതിജീവിക്കാം എന്നതാണ് യേശു കാട്ടിയ മാതൃക. കൗമാര-യൗവനങ്ങളിൽ ആഞ്ഞടിക്കുന്ന പ്രലോഭനത്തിരകളിൽ മുങ്ങിപ്പോവുന്നവർ എത്രയെങ്കിലുമാണ്. ബാല്യത്തിൽത്തന്നെ തിരിച്ചറിയേണ്ടതാണ് ഭാവിയെ കാത്തിരിക്കുന്ന പ്രലോഭനപരമ്പരകൾ. ഇന്ന് ബാല്യങ്ങളെ പ്രലോഭിപ്പിച്ച് ഊരാക്കുടുക്കിലാക്കുന്ന മായാമോഹങ്ങളെത്ര! അതിൽപ്പെട്ടുഴലുന്ന കുട്ടികളും അവരെച്ചൊല്ലിക്കേഴുന്ന കുടുംബങ്ങളും എത്ര! നമ്മുടെ ജീവിതമേന്മകളെ തളർത്തുന്ന, തകർക്കുന്ന പ്രലോഭനവിധങ്ങൾ ഏവ എന്ന് തിരിച്ചറിയുക. യൗവനമെത്തും മുമ്പേ ശീലിച്ചുറപ്പിക്കേണ്ടതാണ്. ക്രിസ്തീയവിദ്യാഭ്യാസത്തിന് ഇതിൽ മുഖ്യമായ പങ്കു വഹിക്കാനുണ്ട്.

'ദർശനം' എന്നാൽ ജീവിതത്തെക്കുറിച്ചുള്ള സമഗ്രബോധമാണ്. അത് നിങ്ങൾക്ക് ജീവിത്തെക്കുറിച്ച് വ്യക്തത നൽകുന്നു. ആ വ്യക്തത സ്വകാര്യ ജീവിതത്തിലും സാമൂഹ്യബന്ധത്തിലും നിലപാടുകളെടുക്കാൻ നിങ്ങളെ പ്രാപ്തനാക്കുന്നു. ഈ നിലപാടുകളാണ് സാമൂഹ്യപ്രതിബദ്ധതയിലേക്ക് നയിക്കുന്നത്. സമൂഹത്തിൽ ഇടപെടേണ്ടത്, സമൂഹത്തെ തിരുത്തേണ്ടത്, സമൂഹത്തെ നയിക്കേണ്ടത് എന്റെ ദൈവനിയോഗമാവുന്നു. ലാഭനഷ്ടം നോക്കാതെ, സമൂഹത്തിന്റെ പ്രരോദനങ്ങളോട് പ്രതികരിക്കാൻ ഞാൻ ചെവിയോർക്കുന്നു. മാനവരാശിയുടെ സമത്വവും സ്വാതന്ത്ര്യവും സാഹോദര്യവും മാത്രം ലാക്കാക്കി ഞാൻ സമർപ്പിതനാവുന്നു. ഇത്തരം നിലപാടിലുറച്ച വ്യക്തികളാണ് അന്ത്യശ്വാസം വരെ സാമൂഹ്യോദ്ധാരണ യത്നങ്ങളിൽ ഉറച്ചു നിൽക്കുന്നത്. പലരും ആ യജ്ഞത്തിൽ ജീവത്യാഗമനുഷ്ഠിക്കുന്നത്.

പ്രലോഭനങ്ങളെ അതിജീവിക്കാമെന്ന ഉറപ്പോടെയാണ് യേശു പൊതുജനമധ്യത്തിലേക്കിറങ്ങുന്നത്. മരണംവരെ യേശു പിന്നെ തിരിഞ്ഞു നോക്കുന്നില്ല. ജനമധ്യത്തിൽ നിലയുറപ്പിച്ച് സമഷ്ടിബോധത്തോടെ തന്റെ ജീവിതദൗത്യം പൂർത്തിയാക്കുന്നു. ദർശനം പ്രലോഭനമുക്തമാവുമ്പോഴാണ് സാമൂഹ്യപ്രതിബദ്ധതയാവുന്നത്. ഇതു പ്രത്യേകം ശ്രദ്ധിക്കണം. പ്രലോഭനവിധേയമായ സാമൂഹ്യപ്രതിബദ്ധത ചൂഷണാത്മകമായി മാറും. അതു ഹിംസാത്മകവും ആസുരവുമാവും. ഇതിന് എത്രയെങ്കിലും ഉദാഹരണം സമകാലീന പൊതുമണ്ഡലത്തിൽ കാണാം. സാമൂഹ്യപ്രതിബദ്ധത രണ്ട് സാധ്യതകളിൽ നമ്മെ എത്തിക്കും. ഒന്ന്, യൂദായുടെ വഴിയിൽ. അത് ധനലാഭത്തിന്റെയും അതിനു

വേണ്ടിവരുന്ന ഒറ്റുകൊടുക്കലിന്റെയും സ്വയംഹത്യയുടെയും അധമത്വമാണ്. രണ്ട്, യേശുവിന്റെ പൊതുജീവിതമാണ്. അത് പരിത്യാഗാത്മകമായ സ്നേഹധാരയുടെ ബലിയർപ്പണവും ഉയിർപ്പുമായി പരിണമിക്കുന്നതാണ്. പെസഹാവ്യാഴാഴ്ച രാത്രിയിൽ വെള്ളത്താലുള്ള രണ്ട് കഴുകലുകൾ നടന്നു. രാത്രിയുടെ തുടക്കത്തിൽ യേശു ദാസവേഷത്തിൽ ശിഷ്യന്മാരുടെ കാൽ കഴുകി അവരുമായുള്ള ഐക്യദാർഢ്യം വെളിവാക്കി അവരെ തന്റെ ഹൃദയത്തിന്റെ ഭാഗമാക്കി. ആ രാത്രി പുലരും മുമ്പ് നാടുവാഴിയായ പിലാത്തോസ് സ്വന്തം കൈകഴുകി യേശുവിനെ ഒഴിവാക്കി, മരണത്തിന് ഏല്പിച്ചു. ആദർശധീരതയും മൂല്യാധിഷ്ഠിതജീവിതവും നയിക്കുന്നവർക്കേ ത്യാഗോജ്ജ്വലമായ സാമൂഹികപ്രതിബദ്ധത പ്രകടിപ്പിക്കാനാവൂ. ക്യൂബൻ പ്രസിഡന്റ് ഫിഡൽ കാസ്ട്രോ മരിച്ചപ്പോൾ മതിലുകളിൽ ആളുകൾ എഴുതിവച്ചു: ‘ആദർശത്തിനുവേണ്ടി ജീവൻ കൊടുക്കുന്നതിലും മഹത്തരമായി മറ്റൊന്നുമില്ല’.


ക്രിസ്തീയാർത്ഥത്തിൽ ‘ദർശനം’ എന്നതിന് മൂന്ന് സവിശേഷതകളുണ്ട്. ഒന്ന്, ദൈവബന്ധത്തിലൂടെ ഉരുത്തരിയുന്ന നിയോഗമാണത്. രണ്ട്, സമൂഹത്തോടുള്ള കറകളഞ്ഞ പ്രതിബദ്ധതയാണ്. മൂന്ന്, ദർശനത്തനിമ നിലനിർത്താൻ കാട്ടുന്ന സദാ ജാഗ്രതയാണ്. ദർശനത്തനിമ പ്രലോഭന മുക്തമായിരിക്കും. ദർശനവ്യക്തതയുള്ളവർ ഏതു പ്രലോഭനവും തിരിച്ചറിയുകയും മരണവിഷം പോലെ അതിനെ ആട്ടിയകറ്റുകയും ചെയ്യും.

പുതുവർഷം കാലത്തിന്റെ ഏറ്റവും പുതിയ ലക്കമൊണ്. വ്യക്തി ജീവിതത്തിന്റെ അടുത്ത അധ്യായമണ്. പുതുവർഷത്തിന്റെ സവിശേഷത, അതിന്റെ ചരിത്രം രചിക്കുന്നതു നമ്മളാണ്. പുതുവർഷത്തിന്റെ ചരിത്രം അനുപമമാവാൻ, അനശ്വരമാവാൻ, അനുകരണീയമാവാൻ നമ്മുടെ സജീവവും സർഗ്ഗാത്മകവുമായ ഇടപെടൽ ആവശ്യമാണ്. അതിന് നമ്മുടെ ദർശനവും നിലപാടുകളും നാം കാലോചിതമാക്കേണ്ടതുണ്ട്. നാം സ്വരൂപിച്ച ദർശനം പുനർനിർവചിക്കേണ്ടതുണ്ട്. നമ്മുടെ സാമൂഹ്യപ്രതിബദ്ധത പുനരാവിഷ്ക്കരിക്കേണ്ടതുണ്ട്. പുതുവർഷത്തിന്റെ പ്രസക്തി ഇതാണ്. പുതുവർഷം ആഘോഷമാക്കാനുള്ളതല്ല... പുനരാലോചനയ്ക്കും പുനരർപണത്തിനും ഉള്ളതാണ്. ‘നിങ്ങൾ കാലങ്ങളെയും സമയങ്ങളെയും വിവേചിക്കണം’ എന്ന് യേശു പറഞ്ഞതിന്റെ പൊരുൾ ഇതാണ്. കാലാനുസൃതമായും സമയോചിതമായും പ്രതികരിച്ചുകൊണ്ടു മാത്രമേ നമ്മുടെ സാമൂഹ്യപ്രതിബദ്ധതയുടെ പ്രസക്തി തെളിയിക്കാനാവൂ. പുതുവർഷപ്പുതുമ ആഘോഷമാക്കുകയല്ല, നമ്മുടെ ദർശനത്തെ, നിയോഗത്തെ, സാമൂഹ്യപ്രതിബദ്ധതയെ കാലികവും ഊർജസ്വലവുമാക്കുകയാണ്. അല്ലെങ്കിൽ നമ്മുടേത് പരാന്നജീവിയുടെ നിസംഗജൈവസാന്നിദ്ധ്യം മാത്രമാവും. നാം അപ്രസക്തരാവും. കാലത്തിനു ചേരാത്തവരായി മുദ്രകുത്തപ്പെടുകയും അവഗണിക്കപ്പെടുകയും ചെയ്യും.

സാമൂഹികപ്രതിബദ്ധത നാം ആർജിക്കേണ്ട ജീവിതവീക്ഷണമാണ്. അത് ക്രൈസ്തവ അത്മീയതയുടെ മകുടാവസ്ഥയാണ്. പഠനവും മനനവും വിശുദ്ധിയും ധ്യാനവും സമന്വയിക്കപ്പെടുമ്പോഴാണ് അതു സംഭവിക്കുക. നമ്മുടെ ഭവനങ്ങളും ദേവാലയങ്ങളും അതിനുള്ള ഇടങ്ങളാക്കി മാറ്റിയാൽ ക്രൈസ്തവമായ സാമൂഹിക പ്രതിബദ്ധതയുള്ള ഒരു യുവനിരയെ രൂപപ്പെടുത്താനാവും. അവർ നിശ്ചയമായും ലോകത്തിന്റെ കദനങ്ങളിൽ നൊമ്പരപ്പെടുകയും, കാലത്തിന്റെ വെല്ലുവിളികളെ അഭിസംബോധന ചെയ്യുകയും ചെയ്യും.

**ദൈവരാജ്യമാണ് ലക്ഷ്യം**
(Kingdom of God is the motive)
**യേശുവാണ് മാതൃക** (Jesus is the model)
**കുരിശാണ് മാർഗ്ഗം** (Cross is the way)

ഇടയസന്ദേശം



# പുതുവർഷ പൊൻപുലരിയിലേക്ക് കണ്ണുംനട്ട്...

**അഭിവന്ദ്യ യൂഹാനോൻ മാർ പോളിക്കർപ്പോസ് മെത്രാപ്പോലീത്ത**
(അങ്കമാലി ഭദ്രാസനം)

യുവജനങ്ങൾക്ക് ഏറെ വെല്ലുവിളികൾ നിറഞ്ഞ ലോകത്താണ് നാം ജീവിക്കുന്നത്. അങ്ങനെ ഒരു പശ്ചാത്തലത്തിൽ നാം ഒരു പുതുവത്സര പുലരിയിലേക്ക് നാം ആകാംക്ഷയോടെ പ്രവേശിക്കുന്നു.

ദൈവം തന്റെ പ്രിയ ജനതയെ അടിമ വീട്ടിൽ നിന്നും വാഗ്ദത്ത നാട്ടിലേക്ക് കൊണ്ടുവന്നത് രണ്ടു അകമ്പടിയോടെയാണ്. 'പകൽ മേഘസ്തംഭമായും രാത്രി അഗ്നി തൂണും'. നമ്മെ സംബന്ധിച്ച് പുതുവത്സരം ആരംഭിക്കുന്നത് മുമ്പിലും പിമ്പിലും പ്രകാശത്തിന്റെ പെരുന്നാളുകളുടെ അകമ്പടിയോടെയാണ്. ഡിസംബർ 25 അതായത് ജനന പെരുന്നാൾ, സാത്താന്റെ അടിമത്വത്തിൽ ആയിരുന്ന മനുഷ്യജാതിയെ, അടിമത്വത്തിൽ നിന്നും വിടുവിക്കാൻ തന്റെ രക്തത്താൽ സ്വാതന്ത്ര്യം വാങ്ങി നൽകുവാൻ അവതാരം ചെയ്ത, ദൈവപുത്രന്റെ ഉദയ ദിവസമാണ്. അതുകൊണ്ടാണ് അതിനെ പ്രകാശത്തിന്റെ പെരുന്നാൾ എന്ന് വിളിക്കുന്നത്. നീതി സൂര്യന്റെ ഉദയം. ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനുവേലിന്റെ ഉദയം. സർവ്വ പൂർവിക പ്രവചനങ്ങളുടെയും സാക്ഷാത്കാര ദിനം. പുതുവത്സരം ആരംഭിച്ച് ആറാം ദിവസം ദനഹാ പെരുന്നാളാണ്. 'ദ്-നഹ' എന്ന് പറഞ്ഞാൽ ഉദയമാണ്. യോർദ്ദാൻ നദിയിൽ ത്രിത്വത്തിന്റെ അനുഗൃഹീത ശബ്ദം മുഴങ്ങിയ ദിനം. ദൈവം മനുഷ്യജാതിയുമായി യോജിപ്പായി എന്ന് വിളിച്ചറിയിക്കപ്പെട്ട ദിനം. മാമോദിസ ക്രമത്തിൽ ഇപ്രകാരം പാടുന്നു 'മുന്നം ജർജ്ജരനായോനെ നൂതനനാക്കി'. 'ജർജ്ജരൻ' സംസ്കൃത വാക്കാണ് അർത്ഥം ജീർണിച്ചവൻ. ആദമിനെയാണ് ഉദ്ദേശിക്കുന്നത്. ജീർണിച്ചു പോയ ആദമിന്റെ പ്രതിരൂപത്തെ തന്റെ മാമോദിസായാൽ പുതുതാക്കി എന്നർത്ഥം. പ്രകാശത്തിന്റെ പെരുന്നാളുകളുടെ അകമ്പടിയോടെ പുത്തുലഞ്ഞ് പുതുമയാർന്ന പുത്തൻ വർഷത്തെ എതിരേല്ക്കുവാൻ പ്രതീക്ഷകളോടെ കാത്തിരിക്കുന്നു. നമുക്ക് ചില തയ്യാറെടുപ്പുകൾ അവശ്യം അത്യാവശ്യമാണ്. ആയതിലേക്ക് ഒരു എത്തിനോട്ടം അനിവാര്യവുമാണ്.

പുതുവത്സരത്തിൽ ഓർത്തിരിക്കേണ്ട അല്പം കാര്യങ്ങൾ. ഇത് മനസ്സിൽ വച്ചിരുന്നാൽ മാത്രമേ മുമ്പിലും പിമ്പിലുമുള്ള പ്രകാശത്തിന്റെ അനുഗ്രഹം വേണ്ടുവോളം നമുക്ക് ലഭിക്കു. മനസ്സിൽ ഗദകാല സ്മരണകൾ ഒരു വശത്ത് ഉണ്ടായിരിക്കണം. അവ്യക്തമായ ഭാവിയെ പറ്റിയുള്ള ആശങ്കകൾ മറുവശത്ത് ഉണ്ടായിരിക്കുമല്ലോ. സന്തോഷത്തിന്റെയും സംതൃപ്തിയുടേതമായ വികാരങ്ങളോടൊപ്പം വിഷാദ ചിന്തകളും ഉള്ളിൽ അലയടിക്കാം എന്നത് തീർച്ചയല്ലേ. കഴിഞ്ഞവർഷാരംഭത്തിൽ കൂടെയുണ്ടായിരുന്ന പലരും ഇന്നില്ല അത് നാം ഓർത്തിരിക്കണം. അടുത്ത പുതുവത്സരം ഉണ്ടായിക്കൊള്ളണമെന്നില്ല.

നാല്പതുവർഷത്തെ കഠിന പരീക്ഷണങ്ങളുടെയും പരിശോധനകളുടെയും ശേഷം വാഗ്ദത്ത നാട്ടിലേക്ക് പ്രവേശിക്കുന്നതിന് മുമ്പ് യോശുവായുടെ നേതൃത്വത്തിൽ മൂന്ന് ദിവസം ചെയ്ത കാര്യങ്ങൾ ഓർത്തിരിക്കുന്നത് നന്നാണ്. ഇസ്രായേൽക്കാർ ആട്ടിടയന്മാരും മലഭൂമി /കരഭൂമിയിലെ വാസക്കാരുമായിരുന്നു.. യോർദാൻ നദി കരകവിഞ്ഞ് ഒഴുകുകയാണ്. അതെങ്ങനെ കടക്കും എന്നതാണ് ഏറ്റവും വലിയ ആശങ്ക. നമ്മുടെ മുമ്പിലെ ജീവിതത്തിലും ഇതുപോലെ കരകവിഞ്ഞൊഴുകുന്ന പ്രതിസന്ധികളും, പ്രതിഭാസങ്ങളും,

പ്രക്ഷോഭങ്ങളും അലയടിച്ച് ഒഴുകിയേക്കാം. ഇസ്രായേൽക്കാർക്ക് ഒരു ജാഗരണത്തിന്റെ അവസ്ഥയായിരുന്നു മൂന്നുദിവസം. യോശുവാ എന്ന ദൈവമനുഷ്യൻ ശക്തമായ പ്രചോദനവും പ്രോത്സാഹനവും ജനത്തിന് നൽകുന്നു, ജനമധ്യേ നടന്നു അവരെ ഉൽബുദ്ധരാക്കുന്നു. മുമ്പിൽ അനിശ്ചിതമായ വഴിയും അജ്ഞാതമായ ഭാവിയുമായിരുന്നു. അവരുടെ മുന്നിൽ സന്ദിഗ്ദ്ധതയുടെയും അവ്യക്തതയുടെയും സാഹചര്യമാണ്.. നമുക്കും യോശുവായെ പോലുള്ള ദൈവമനുഷ്യർ ഉണ്ടാകണം. അത് സംഭവിക്കണമെങ്കിൽ ദൈവാശ്രയബോധമുള്ള ചെറുപ്പക്കാർ എഴുന്നേറ്റേ പറ്റൂ. യുവജനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നവർ ആയത് ശ്രദ്ധിക്കണം.

ചൈനയിൽ പുതുതരം കൊറോണ ആരംഭിച്ചു എന്ന് കേൾക്കുന്നു. വർദ്ധിത വീര്യവും. അത് അഴിഞ്ഞാടി തുടങ്ങിയിരിക്കുന്നു. പ്രകൃതിയുടെ പ്രതിഭാസങ്ങൾ മാറിമറിയുന്നു. ആത്മീയ സാമൂഹിക രംഗങ്ങളിൽ സത്യസന്ധത മാഞ്ഞുപോയിക്കൊണ്ടിരിക്കുന്നു. പരിശുദ്ധ പൗലോസ് ശ്ലീഹ പറയും പോലെ 'വാത്സല്യമില്ലാത്തവരും ഇണങ്ങാത്തവരും ജിതേന്ദ്രീയരും സ്വാർത്ഥമോഹികളും' പണ്ടത്തെക്കാൾ വർദ്ധിച്ചിരിക്കുന്നു. കുടുംബത്തിൽ തന്നെ മനസമാധാനത്തോടെ കഴിയാൻ പറ്റാത്ത അവസ്ഥ. 'ലഹരി' എന്ന കൊടിയ സർപ്പം പിൻതലമുറയെ സംഹരിപ്പാൻ ഒരുങ്ങിയിരിക്കുന്നു. മുതിർന്നവർ തങ്ങളുടെ ഉത്തരവാദിത്വങ്ങൾ മറക്കുന്നു. മതപീഡനവും മതവൈരാഗ്യവും വർദ്ധിക്കുന്നു. മതമൗലീകവാദികളുടെ സ്വാധീനവും ശക്തിയും വർദ്ധിച്ചിരിക്കുന്നു. ഇത്തരണത്തിൽ ചില കാര്യങ്ങൾ മനസ്സിൽ ഓർമ്മയ്ക്കായി കുറിച്ചുകൊണ്ട് മുന്നേറുക. ദൈവിക സാന്നിധ്യം മുന്നിൽ ഉണ്ടായിരിക്കണം. യോശുവയുടെ നേതൃത്വത്തിൽ ചെയ്യുന്ന ചില കാര്യങ്ങളുമായി താരതമ്യം ചെയ്ത്തു പറയട്ടെ:

**1)ദൈവം നമ്മുടെ മുമ്പിൽ ഉണ്ടാകണം:** പെട്ടകം ചുമക്കുന്ന പുരോഹിതന്മാർ ജനത്തിന്റെ മുമ്പിൽ നടക്കണം. പട്ടാളവും സൈന്യവും അല്ല പോകേണ്ടത്. സുവിശേഷകരും ക്രിസ്തീയ പ്രവർത്തകരും ആർജ്ജവവും ആത്മീയതയിൽ കറപറ്റാത്തതുമായ യുവജനങ്ങൾ ക്രിസ്തു സാന്നിധ്യം സാക്ഷാത്കരിക്കുന്നവരായി മാറണം. നിങ്ങൾ കേട്ടിട്ടില്ലേ ഓശാന ദിവസത്തെ ആർപ്പുവിളിയും ആഘോഷവും കണ്ട്, ദൈവപുത്രൻ ഇല്ലാതെ ദൈവപുത്രനെ വഹിച്ച കഴുത പിറ്റേദിവസം പട്ടണത്തിൽ ചെന്നുവത്രേ. തന്നെയാരും ശ്രദ്ധിക്കാതെ ആയപ്പോൾ ഒച്ചവെച്ചു. ഞെളിഞ്ഞുനിന്ന് പാവം കഴുതയ്ക്ക് കല്ലും തൊഴിയുമായിരുന്നു മറുപടി. ദൈവം ഇല്ലാതെ പോയാൽ ഈ കുഴപ്പമുണ്ട്. അത് നമ്മുടെ പ്രവർത്തകർ മറക്കുന്നു.

**2) ഭക്തി ആദരവോടെ മുന്നേറണം.** ജനം പെട്ടകത്തിൽ നിന്ന് 2000 മുഴം അകലം പാലിക്കണം എന്നാണ് നിബന്ധന. പെട്ടകത്തിന്റെ മഹത്വവും വിശുദ്ധിയും വൈശിഷ്ട്യവും അത് സൂചിപ്പിക്കുന്നു. എബ്രായർ 12:29 ൽ പറയുന്നു 'ദൈവം ദഹിപ്പിക്കുന്ന അഗ്നിയാണ്' അതിനെ അശ്രദ്ധയോടെ, അഹങ്കാരത്തോടെ, അഹമ്മതിയോടെ, ദാർഷ്ട്യത്തോടെ സമീപിക്കരുത്. ആത്മീയ ജീവിതത്തിൽ കടന്നുവരുന്ന ഒരു വലിയ അപകടം അഭക്തിയാണ്. സഭകളുടെ വിവിധ ശ്രേണിയിലുള്ളവർ ഇത് മറക്കണ്ട. പള്ളി കമ്മിറ്റി അംഗങ്ങൾക്കും ഇത് ബാധകമാണ്. 2 ശമു. 6:1-11 വായിക്കുമ്പോൾ പെട്ടകം വഴുതി മറിഞ്ഞു പോകാതിരിക്കാൻ 'ഉസ്സാ' എന്ന മനുഷ്യൻ കൈനീട്ടി പിടിക്കുന്നുണ്ട്. ആ മനുഷ്യന്റെ അനുഭവം ഓർക്കുന്നത് നന്നാണ്. പൗലോസ് ശ്ലീഹാ പറയുന്നു 'അന്ത്യകാലത്ത് ധാഷ്ട്യക്കാരും നിഗളികളുമായി ദൈവപ്രിയമില്ലാതെ ഭോഗപ്രിയരായി ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നു'. വിശുദ്ധ കുർബാന അനുഭവം പലരും ഒരു ചടങ്ങാക്കി തീർത്തിരിക്കുന്നു.

**3) സൂക്ഷ്മതയോടും ജാഗ്രതയോടും മുന്നേറുക.** 'മുമ്പേ നിങ്ങൾ പോയിട്ടില്ലാത്ത വഴിയാണ് ' (യോശ.3:4) നിങ്ങൾ പോയിട്ടില്ലാത്ത സാഹചര്യങ്ങളിൽ കൂടിയും അനുഭവങ്ങളിൽ കൂടിയും പോകുന്നതുകൊണ്ട് സൂക്ഷ്മത അത്യാവശ്യമാണ്. അപകടങ്ങളും

അപായങ്ങളും ആരോപണങ്ങളും അശുഭ വാർത്തകളും നേരിടാൻ അവിടെ ജാഗ്രത പാലിക്കണം. വിക്കനായ മോശയ്ക്ക് അഹറോൻ കൂട്ടായിരുന്ന പോലെ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നിങ്ങൾക്ക് കൂട്ടായിരിക്കണം. 1 പത്രോസ് 5:8 ൽ പറയുന്നു 'നിർമ്മദരായിരിപ്പിൻ ഉണർന്നിരിപ്പിൻ നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം പോലെ ആരെ വിഴുങ്ങേണ്ടു എന്ന് വിചാരിച്ചു ചുറ്റി നടക്കുന്നു'. അതുകൊണ്ട് ജീവിതത്തിൽ സംഭവിക്കാവുന്ന അലസത, അശ്രദ്ധ, ആലസ്യം ഇവ ഒഴിവാക്കുക.വിവിധ തരം ലഹരി എന്ന പിശാച് ചെറുപ്പക്കാരെ കുടുക്കും തീർച്ച. ആകയാൽ നമ്മുടെ കർത്താവ് അരുളിച്ചെയ്യുന്നതു പോലെ ജാഗ്രത ആയി ഇരിക്കുക.

**4) നിങ്ങളെത്തന്നെ ശുദ്ധീകരിക്കുവിൽ.** ഏറ്റവും വലിയ ഒരുക്കമായി യോശുവ ജനത്തോട് നിർദ്ദേശിക്കുന്നത് ഇതാണ്. ആത്മീകവും ആന്തരികവുമായ ശുദ്ധിയാണ് ഇവിടെ ഉദ്ദേശിക്കുന്നത്. പഴയ മാറാലകളും മ്ലേച്ഛമാക്കുന്ന പ്രവണതകളും ഉപേക്ഷിക്കണം. ശൂന്യമാകുന്ന മ്ലേച്ഛത, നിൽക്കരുതാത്തിടത്ത് നിൽക്കുന്ന പ്രവണത ഇക്കാലത്ത് കൂടി വരുന്നു. മനുഷ്യനെ അശുദ്ധമാക്കുന്ന കാര്യങ്ങളെക്കുറിച്ച് കർത്താവ് പറയുന്നുണ്ട്. ദുർചിന്ത, വ്യഭിചാരം, പരസംഗം, കൊലപാതകം, മോഷണം, അത്യാഗ്രഹം, ദുഷ്ടത, ചതി, ദുഷ്കർമ്മം, വിടക്ക് കണ്ണ്, ദൂഷണം, അഹങ്കാരം, മൂഢത, വിവിധ ലഹരിയോടുള്ള ആസക്തി എന്നിവ വെടിയണം. പരിശുദ്ധ പൗലോസ് ശ്ലീഹാ പറയുന്നു 'ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നെ'. പരിശുദ്ധ പരുമല തിരുമേനി പറയുന്നു 'വിശുദ്ധിക്കു മുന്നിൽ ഒരു ശക്തിയും അത്യന്തികമായി വിജയിക്കില്ല'. വിശുദ്ധിക്ക് മുന്നിൽ എല്ലാ തിന്മ ശക്തികളും നിന്നു വിറക്കും.

**5) വിശ്വാസത്തോടെ മുന്നേറണം :** ചെങ്കടൽ കടന്നപ്പോൾ അവർക്കു മുമ്പിൽ കടൽ രണ്ടാവുകയും വഴി തെളിയുകയും ചെയ്തു. എന്നാൽ കരകവിഞ്ഞൊഴുകുന്ന യോർദാൻ, വിഭജിക്കപ്പെട്ടു കരകണ്ടശേഷമല്ല അവർ യോർദാനിലേക്ക് നീങ്ങിയത്. നദി രണ്ടായി മാറിനിൽക്കും എന്ന് വാഗ്ദാനവും കിട്ടിയില്ല. അവർക്ക് ഉള്ളിൽ പേടി ഉണ്ടായിരുന്നിരിക്കാം. വിശിഷ്ടമായ പെട്ടകവും തങ്ങളും ഒഴുകിപ്പോകും എന്ന് വിചാരിച്ചിരിക്കാം പക്ഷേ അവർ സംശയിച്ചു നിന്നില്ല. വിശ്വാസത്തിന്റെ ശക്തിയിലും ദൈവസാന്നിധ്യത്തിന്റെ ഉറപ്പിലും മുന്നോട്ടു നീങ്ങി. പെട്ടകം വഹിച്ച പുരോഹിതരുടെ പാദങ്ങൾ വിശ്വാസത്തോടെ വെള്ളത്തിൽ സ്പർശിച്ചപ്പോൾ വെള്ളം പിൻവാങ്ങി. ചെങ്കടൽ കരയിൽ വച്ച് ഉയർന്ന നാല് വാക്കുകൾ മനസ്സിൽ കുറിച്ചിടുക.

a) **'മിണ്ടാതിരിക്കുക'**, അതായത് ധ്യാന നിരതരായിരിക്കുക b) **'ഉറച്ചു നിൽക്കുക'**, ചാഞ്ചാട്ടം പാടില്ല എന്നർത്ഥം c) **'ഭയപ്പെടരുത്'**, ഭയം തോൽവിയുടെ കൂട്ടുകാരനാണ്. d)**' മുന്നോട്ടുപോകുക'**, ദൈവ കൽപ്പനയാണ്. ഈ വിശ്വാസവും ഉറപ്പും നമുക്കുണ്ടാകണം മുന്നോട്ടുള്ള യാത്രയിൽ. കർത്താവിന്റെ കല്ലറയിലേക്ക് പോയ സ്ത്രീകൾ കല്ലറയുടെ വാതിൽ അടച്ച് മുദ്ര വെച്ചത് കണ്ടിട്ട് പോയവരാണ്. ആ കല്ല് ആര് ഉരുട്ടി നീക്കും എന്ന് അവർ ആശങ്കപ്പെട്ടിരുന്നു പക്ഷേ അവർ നിസ്സംഗരും നിഷ്ക്രിയരും ആയിരുന്നില്ല. വിശ്വാസത്തോടും പ്രതീക്ഷയോടും മുന്നേറി. അവർക്കുണ്ടായ അനുഭവം നമുക്കറിയാമല്ലോ. നമുക്ക് മുമ്പിലും പ്രതിസന്ധികളും പ്രയാസങ്ങളും നിരാശാജനകമായ സാഹചര്യങ്ങളും ഉണ്ടാകാം. പ്രത്യാശയോടും വിശ്വാസത്തോടും മുന്നേറുക എല്ലാ പ്രവാഹങ്ങളും മാറി ഉണങ്ങിയ നിലം നമുക്ക് മുൻപിൽ ഉണ്ടാകും. ദൈവം അത്ഭുതം പ്രവർത്തിക്കും. യോശുവ ജനത്തോട് പറയുന്നു ''യഹോവ നാളെ നിങ്ങളുടെ ഇടയിൽ അത്ഭുതം പ്രവർത്തിക്കും'' (യോശുവ - 3 :6).

ഈ പുതുവത്സരപ്പിറവിയിൽ നീതിസൂര്യനായ ദൈവത്തിന്റെ കൃപ മുമ്പിലും പിൻപിലും നമുക്ക് അനുയാത്ര ചെയ്യാൻ നമുക്ക് നമ്മെ തന്നെ ശുദ്ധീകരിച്ചു വെടിപ്പാക്കി സമർപ്പിക്കാം. പൂത്തുലഞ്ഞു പുതുമയാർന്ന പുത്തൻ പുതുവത്സരാശംസകൾ നേരുന്നു എന്റെ പ്രിയ യുവജനങ്ങളെ ദൈവം അനുഗ്രഹിക്കട്ടെ.

ഓർത്തഡോക്സ് ക്രൈസ്തവ
യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം
ഓർത്തഡോക്സ് യുവജനം
ത്രൈമാസിക





**ഡോ. എൽസി ഉമ്മൻ**
കൺസൽട്ടന്റ്, സൈക്യാട്രിസ്റ്റ്
Mob : 9526896608

# സർവ്വം ലഹരിമയം

ഇന്ന് നിത്യേന മാധ്യമങ്ങളിലൂടെ കേൾക്കുന്ന വാർത്ത ലഹരി മരുന്നുകളുടെ കടത്തിനെ കുറിച്ച് തന്നെയാണ്. യുക്രെയിൻ യുദ്ധാരംഭത്തിൽ പത്രങ്ങളുടെ തലക്കെട്ടിൽ നിറഞ്ഞുനിന്നത് റഷ്യയുടെ ആദ്യ മിസൈൽ ആക്രമത്തിന്റെ സമഗ്രമായ വാർത്തയും ചിത്രങ്ങളും ആണെങ്കിൽ ഇന്ന് മാസങ്ങൾക്കിപ്പുറം ഒരു മിസൈലോ ഏതാനും പേരുടെ മരണങ്ങളോ പോലും കോളം വാർത്തയിൽ മാത്രമായി ഒതുങ്ങുന്നു. ലഹരി സംബന്ധമായ വാർത്തകളും ഇത്തരം കോളം വാർത്ത മാത്രമായി തീരുന്ന കാലത്താണ് നാമിപ്പോൾ. ഇപ്പോൾ ലഹരിക്കടത്തിന് വാർത്താ പ്രാധാന്യം ലഭിക്കണമെങ്കിൽ കിലോ കണക്കിന് കൃത്രിമ മയക്കുമരുന്നുകൾ പിടിക്കപ്പെട്ടാൽ മാത്രമോ അഥവാ പ്രശസ്തർ പിടിക്കപ്പെട്ടാൽ മാത്രമോ എന്ന നിലയിൽ ആയിരിക്കുന്നു. നിരോധിത പുകയില ഉൽപ്പന്നങ്ങളും കഞ്ചാവ് പോലും ഇന്ന് വാർത്തയല്ലതായിരിക്കുന്നു. യൗവനക്കാർക്ക് കയ്യെത്തും ദൂരത്തിൽ ലഭിക്കാൻ പറ്റാവുന്ന ഒന്നായി മാറിയിരിക്കുന്നു കേരളത്തിലെ ലഹരി മാഫിയയുടെ വിതരണ ശൃംഖല.

ഒരാൾ ലഹരിക്ക് അടിമപ്പെട്ടാൽ ഉണ്ടാകുന്ന ലക്ഷണങ്ങൾ എന്തൊക്കെയാണെന്ന് നോക്കാം. ഏതൊരു വസ്തുവും ക്രമാതീതമായ അളവിലും കാലങ്ങളിലും ഉപയോഗിക്കുന്നത് അടിമത്തം എന്ന ലളിതമായി പറയാം. അത് ഒരു പാരസെറ്റമോൾ ഗുളിക ആണെങ്കിൽ കൂടി ഡോക്ടർ കുറിക്കുന്ന അളവിനും കാലത്തിനും അപ്പുറമായി പതിവായി ഉപയോഗിക്കുന്നത് അടിമത്തം തന്നെ. അടുത്ത ലക്ഷണം അടങ്ങാത്ത അഭിനിവേശം തന്നെയാണ്. ഒരിക്കൽ ഉപയോഗിച്ചാൽ വീണ്ടും വീണ്ടും ഉപയോഗിക്കണം എന്നുള്ള നിയന്ത്രണാതീതമായ അഭിലാഷമാണത്. ലഹരി ഉപയോഗം നിർത്തണമെന്ന ആഗ്രഹം നിമിത്തം പലവുരു നിർത്തിയിട്ടും പുനരാരംഭിക്കുന്നതാണ് അടിമത്തത്തിന്റെ മറ്റൊരു ലക്ഷണം. ലഹരിക്കായി പണവും സമയവും അധ്വാനവും ചിലവിടാനുള്ള സന്നദ്ധതയും ഏതു ത്യാഗവും വിട്ടുവീഴ്ചയും ചെയ്യാനുള്ള മനസ്സും ലഹരി അടിമത്തത്തിന്റെ മറ്റൊരു ലക്ഷണമാണ്. നമ്മുടെ ദൈനംദിന കാര്യങ്ങൾ ലഹരി ഉപയോഗം മൂലം തടസ്സപ്പെടുകയോ ഉത്തരവാദിത്തങ്ങൾ നിറവേറ്റാൻ ആകാത്ത വിധത്തിൽ ജീവിതത്തിൽ മാറ്റങ്ങൾ വരികയോ ചെയ്യുന്നത് മറ്റൊരു ലക്ഷണമാണ്. എത്ര തന്നെ പ്രശ്നങ്ങൾ ഉണ്ടായാലും വീണ്ടും ലഹരി ഉപയോഗിക്കാൻ മടി ഇല്ലാത്തതും ബന്ധങ്ങൾക്ക് പോലും ലഹരിക്കു മുൻപിൽ രണ്ടാം സ്ഥാനം നൽകുന്നതും ഇതിന്റെ മറ്റൊരു ലക്ഷണമാണ്.

പണ്ട് ഇടപെട്ടിരുന്ന വിനോദങ്ങളിലോ സുഹൃത് സംഗമങ്ങളിലോ എന്തിന് ജോലിയിലോ പോലും താല്പര്യമില്ലായ്മയും ഇതിന്റെ ഒരു ലക്ഷണമാണ്. ശരീരത്തിനോ മനസ്സിനോ ഹാനീകരമായി സംഭവിച്ചിട്ടും വീണ്ടും വീണ്ടും ഉപയോഗിക്കുന്നതും ലഹരി അടിമത്വത്തിന്റെ മറ്റൊരു ലക്ഷണമാണ്.

ലഹരി കിട്ടാതെ വരുമ്പോൾ ഉള്ള പിൻവാങ്ങൽ ലക്ഷണങ്ങളും എന്നാൽ അല്പം ലഹരി കൊണ്ട് തന്നെ ഈ ലക്ഷണങ്ങൾ മാറുന്നതും അടിമത്തത്തിന്റെ പ്രധാന ലക്ഷണമാണ്. ഒരുവന്റെ സ്വഭാവത്തിൽ വരുന്ന കാതലായ വ്യതിയാനങ്ങൾ കൂടി ഇതിനോട് ചേർത്തു വായിക്കപ്പെടേണ്ട തുണ്ട്. ഭക്ഷണത്തോട് താല്പര്യമില്ലായ്മ, ആശയക്കുഴപ്പം, ഉൾവലിയൽ, മൂഡ് വ്യതിയാനങ്ങൾ, അപായകരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുക, ലഹരി ഉപയോഗത്തെക്കുറിച്ച് ആരെങ്കിലും ചോദിച്ചാൽ അവരോട് ഈർഷ്യത ഉണ്ടാകുകയും തട്ടിക്കയറുകയും ചെയ്യുക, സ്വയം വൃത്തിയാകുവാൻ പോലും മടി ഉണ്ടാകുക ഇവയൊക്കെ ഉണ്ടാകാം.

**ഇനി ഇത്തരക്കാരെ എങ്ങനെ തിരിച്ചറിയാം എന്നു കൂടി നോക്കാം.**

**1** വിദ്യാലയങ്ങളിലോ തൊഴിലിടങ്ങളിലോ സ്ഥിരമായി പ്രശ്നങ്ങൾ സൃഷ്ടിക്കുകയോ പോകാതിരിക്കുകയോ ചെയ്യുകയും അവിടെ നടക്കുന്ന കാര്യങ്ങളിൽ തീരെ താല്പര്യം ഇല്ലാതെ ഇരിക്കുകയോ ചെയ്യുകയാണെങ്കിൽ നാം അവർക്ക് ലഹരി ഉപയോഗമുണ്ടോ എന്ന് ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്.

**2** ശാരീരിക പ്രശ്നങ്ങൾ, കണ്ണു കലങ്ങിയിരിക്കുക, ബൗദ്ധികമായ നിലവാര തകർച്ച, ശരീരഭാരം കുറയുകയോ കൂടുകയോ ചെയ്യുക ഇതെല്ലാം ഇതിൻറെ ലക്ഷണങ്ങൾ ആകാം.

**3** അലസമായ വസ്ത്രധാരണവും വൃത്തിഹീനമായ ശരീരവും ഇതിൻറെ മറ്റൊരു ലക്ഷണമാണ്.

**4** വീട്ടിൽ ആയാലും സ്കൂളിൽ ആയാലും തങ്ങളുടെ ബാഗോ അലമാരയോ മറ്റുള്ളവർ തുറക്കുന്നത് പോലും ദേഷ്യത്തിന് കാരണമാകുക, ഒറ്റയ്ക്ക് മുറിയിൽ അടച്ചിരിക്കുക ബന്ധങ്ങൾ തകരുക ,പൊടുന്നനെ ഉള്ള സ്വഭാവത്തിലെ മാറ്റങ്ങൾ മുതലായവ ലഹരിയുടെ പിടിയിൽ ആയവരുടെ ലക്ഷണമാണ്.

**5.**എപ്പോഴും പണം ആവശ്യപ്പെടുകയോ മോഷ്ടിക്കുകയോ ബലമായി പിടിച്ചെടുക്കാൻ ശ്രമിക്കുകയോ ഒക്കെ ഇതിൻറെ ഭാഗമായി വന്നേക്കാം.

**6.** അമിതമായ ആഹ്ലാദപ്രകടനങ്ങളും സ്നേഹപ്രകടനങ്ങളും വർത്തമാന കാലവുമായി വേറിട്ട് നിൽക്കുന്ന പെരുമാറ്റവും സംശയത്തോടെയുള്ള പെരുമാറ്റവും അശ്രദ്ധയും ഒരു കാര്യത്തിലും പൂർണമായും മുഴുകിയിരിക്കാൻ ആകാൻ പറ്റാത്തതും ഇത്തരക്കാരുടെ ലക്ഷണങ്ങളാണ്.

**7.** രക്താതിമർദ്ദവും തലചുറ്റലും വിറയലും പേശിവലിവും മറവിയും ഛർദിയും അക്രമസ്വഭാവവും മായ കാഴ്ചകളും നാവുകുഴയലും വിഷാദവും ഉന്മാദവും ആത്മഹത്യാ പ്രവണതയും ഇതിൻറെ പ്രത്യക്ഷ ലക്ഷണങ്ങളായേക്കാം.

**ഇനി ഇത്തരത്തിൽ അകപ്പെട്ടവർ ഇതിൽ വരുവാനുള്ള സാഹചര്യവും കൂടി പറഞ്ഞ് അവസാനിപ്പിക്കാം. കാരണം ഇത്തരം സാഹചര്യങ്ങളിൽ കൂടി കടന്നു പോകുന്നവർക്ക് ഇത് പ്രയോജനകരമാകും.**

**1 പരീക്ഷണ വസ്തുവായി ഉപയോഗിക്കുന്നത്.** ചെറുപ്രായത്തിൽ എന്തും പരീക്ഷിക്കാനുള്ള ത്വര വളരെ വലുതാണ്. ഇത് മനുഷ്യന്റെ പരിണാമത്തിനായി രൂപപ്പെടുത്തിയ ഒരു ഗുണമാണ്. ഇതാണ് പലരെയും ലഹരിയിലേക്ക് തിരിക്കുന്നത്. കൂടാതെ നിർബന്ധം മൂലവും എന്തിന്, അറിയാനുള്ള ആഗ്രഹം മൂലവും ആവാം നാം ആദ്യമായി ഇത് ഉപയോഗിക്കുന്നത്.

ഇന്നത്തെ സാഹചര്യത്തിൽ അതിനുള്ള സാധ്യത വളരെ ഏറെയാണ്. അതുകൊണ്ടുതന്നെ ഇത്തരം സാഹചര്യങ്ങളിൽ നിന്നും നാം പരിപൂർണ്ണമായി ഒഴിഞ്ഞു നിൽക്കണം. പരീക്ഷണം ശീലമായി പോയവരാണ് എല്ലാവരും എന്ന് ആദ്യമേ അറിയുക. അതുകൊണ്ടുതന്നെ ആദ്യ പരീക്ഷണം തന്നെ വേണ്ട എന്ന് നാം തീരുമാനമെടുക്കണം.

**2 തെറ്റിദ്ധാരണ.** ഇത് ചിന്താശക്തിയെ ഉണർത്തും, ഭാവന ഉണരും, സർഗാത്മക ചിന്തകളെ വർദ്ധിപ്പിക്കും എന്നൊക്കെ പറഞ്ഞാവാം പലരും ഇത് ഉപയോഗിക്കാനായി നമ്മെ പ്രേരിപ്പിക്കുന്നത്. ആദ്യ ഉപയോഗത്തിൽ നമുക്കും ചിലപ്പോൾ അങ്ങനെ തോന്നിയേക്കാം. ഇതാണ് നമ്മെ അടിമത്തത്തിലേക്ക് നയിക്കുന്നത്. ആദ്യം ചില ഉത്തേജനങ്ങൾ നൽകിയാൽ കൂടി ഇത് നമ്മുടെ തലച്ചോറിനെ കാർന്നു തിന്നുകയും നമ്മെ നിഷ്ക്രിയരാകുകയും ചെയ്യും.

**3. അബദ്ധം അഥവാ ചതി.** ചിലപ്പോഴെങ്കിലും ഇത് പ്രത്യേകിച്ച് പെൺകുട്ടികൾക്ക് നൽകുന്നത് അവർ പോലും അറിയാതെ ആയിരിക്കും എന്നതാണ് വാസ്തവം. ഇങ്ങനെ അബദ്ധത്തിൽപ്പെട്ട് അടിമത്തത്തിൽ ആയവരുടെ എണ്ണവും ചെറുതല്ല.

**4.** പിരിവിരുപ്പ് സ്വഭാവം ഉള്ളവർക്കും ഉൽക്കണ്ഠയും വിഷാദവും ഉള്ളവർക്കും സഭാകമ്പം ഉള്ളവർക്കും കുടുംബ പശ്ചാത്തലത്തിൽ ലഹരി ഉപയോഗം ഉള്ളവർക്കും പിൽക്കാലങ്ങളിൽ ലഹരി ഉപയോഗിക്കാനുള്ള വാസന ഉണ്ടായേക്കാം.

ഏത് കാരണത്താൽ ആയാലും നാം ലഹരി ഉപയോഗത്തിൽ അകപ്പെടാതെ ഒഴിഞ്ഞ് മാറാൻ നാം സ്വയം പരിശീലിക്കണം. നാം സ്വയം പരിശ്രമിച്ചു വിഫലമാകുന്ന അവസ്ഥ ഉണ്ടെങ്കിൽ ഒരു മനോരോഗ വിദഗ്ധന്റെ സേവനം തേടുകയാണ് നല്ലത്. നമുക്കും നമ്മുടെ ചുറ്റുമുള്ളവരുടെ കാവൽക്കാരാകാനുള്ള ബാധ്യത ഉണ്ട് എന്ന് മറന്നുകൂടാ. കാരണം നാം വളരുന്നതിനോടൊപ്പം മറ്റുള്ളവരും വളരണം, നന്നാവണം എന്ന് ആഗ്രഹിക്കുമ്പോൾ മാത്രമേ നമ്മുടെ തലമുറയും നന്നാവുകയുള്ളൂ.

ഒരു ചെറുകഥ കൂടി ഉപോൽബലകമായി എഴുതി അവസാനിപ്പിക്കാം. ഒരു ഗ്രാമത്തിലെ ചോളം ആയിരുന്നു അവിടങ്ങളിൽ ഏറ്റവും പ്രസിദ്ധമായത്. ഇതിന്റെ രഹസ്യം കണ്ടുപിടിക്കാൻ ഒരാൾ അവിടുത്തെ ഏറ്റവും വലിയ കർഷകന്റെ സമീപം എത്തി , അതിന്റെ കാരണം അന്വേഷിച്ചു. അയാൾ അഭിമാനപൂർവ്വം പറഞ്ഞു, എന്റെ ചോളമാണ് ഏറ്റവും മികച്ചത്. ഈ മികവ് നിലനിർത്തുവാനായി ഞാൻ ചുറ്റുമുള്ള എല്ലാ കർഷകർക്കും ഏറ്റവും നല്ല വിത്ത് ഞാൻ തന്നെ തയ്യാറാക്കി നൽകുന്നു.കാരണം സമീപപ്രദേശങ്ങളിലെ ചോളങ്ങളുടെ പൂമ്പൊടി പേറിയാവും പരാഗണത്തിനായി ഈച്ചകൾ എത്തുന്നത്. അതുകൊണ്ട് ഞാൻ എത്ര നല്ല വിത്തിട്ടാലും പരാഗണം അന്യന്റെ പുരടയത്തിൽ നിന്നുള്ള ഗുണനിലവാരം കുറഞ്ഞ പൂമ്പൊടിയിൽ നിന്ന് ആണെങ്കിൽ എന്റെ ചോളങ്ങളെയും അത് ബാധിക്കും. അതുകൊണ്ട് ഞാൻ തന്നെ മുൻകൈയെടുത്ത് അവർക്ക് നല്ല വിത്തുകൾ നൽകുകയാണ് ചെയ്യുന്നത്. ഞാനും എന്റെ പ്രിയപ്പെട്ടവരും നന്നാകണമെങ്കിൽ എനിക്ക് ചുറ്റുമുള്ളവരും നന്നാകണം എന്ന ചിന്ത പങ്കുവച്ചുകൊണ്ട് നിർത്തുന്നു. ഒറ്റക്കെട്ടായി നമുക്ക് ലഹരിക്കെതിരെ പടപൊരുതാം. വരും ജനതയെ സ്വബോധമുള്ളവരാക്കി തീർക്കാം.

പ്രാർത്ഥനാപൂർവ്വം....
വെസ്റ്റ് മങ്ങാട് മാർ ഗ്രീഗ്രോറിയോസ് യൂണിറ്റ്
കുന്നംകുളം ഭദ്രാസനം

ഓർത്തഡോക്സ് യുവജനം ത്രൈമാസിക
ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം

യുവതി പംക്തി



# പരിശുദ്ധാത്മ പുതുക്കത്തിന്റെ നവവർഷം



**മിന്റാ മറിയം വർഗ്ഗീസ്**
Central Executive Member (2018-21),
Former OCYM General Secretary
Nilackal Diocese

വേദമനനം : **''പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴികയില്ല''.** (വി.യോഹന്നാൻ 3:3)

**ആമുഖം :**

*''സാന്ദ്രമീ സ്നേഹത്തിലിപ്പോഴും*
*മഞ്ഞുകണങ്ങളുതിരാൻ തുടങ്ങവേ*
*പാവമൊരു കിളിയായ് ഞാൻ*
*ചേക്ക തേടുന്നു പുതിയ ഋതുക്കളിൽ*
*ഘനശ്യാം''* (കമലാദാസ്)

പുതുവർഷം കടന്നുവന്നിരിക്കുന്നു. പലപ്പോഴും ജീവിതത്തിൽ വലിയ മാറ്റങ്ങൾക്ക് സമാരംഭം കുറിക്കുന്ന വേളയാണ് പുതുവർഷപിറവി. അതുകൊണ്ട് തന്നെ ഓരോ പുതുവർഷാരംഭവും ഒരു ക്ഷണവും ഓർമ്മപ്പെടുത്തലുമാണ്. തങ്ങളുടെ നിലപാടുകളെക്കുറിച്ച് പുനർവിചിന്തനം ചെയ്യുന്നതിനും ആരോഗ്യകരമായ മാറ്റം വരുത്തുന്നതിനുമുള്ള അവസരം.

ലോകത്തിൽ മഹാന്മാരുടെ ആശയങ്ങളെയും തത്വചിന്തകളെയും പിൻപറ്റിയാണ് വിവിധ മതചിന്തകൾ ഉയർന്ന് വരുന്നത്. മഹാന്മാരുടെ ചിന്തകൾക്കനുസരിച്ച് അതിനെ പിൻപറ്റുന്നവരെ ആ പ്രത്യേക മതവിഭാഗമായി ലോകം കാണുന്നു. എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായി ക്രിസ്തുവിന്റെ ആശയങ്ങളും ചിന്തകളും പിൻപറ്റുന്നവർ മാത്രമല്ല വെള്ളത്താലും ആത്മാവിനാലുമുള്ള വീണ്ടും ജനനത്താൽ ക്രിസ്തുവിന്റെ ശരീരത്തിന്റെ ഭാഗമായി മാറുന്നവരാണ് ക്രിസ്ത്യാനികൾ.

ദൈവരാജ്യപ്രവേശനത്തിനു ഏതൊരാൾക്കും വീണ്ടും ജനനം അനിവാര്യമാണ്. ഒരു ക്രിസ്ത്യാനി എന്ന നിലയിൽ നവവർഷത്തിൽ പുതിയ പ്രതിജ്ഞ (Resolution)കളോടൊപ്പം ഒരു പുതിയ തുടക്കം, മനസ്സിന്റെ പുതുക്കം, ഒരു പുതിയ വീക്ഷണ ശക്തി, സമൂലപരിവർത്തനം അഥവാ ഒരു പുതിയ ജനനം തന്നെ ആവശ്യമാണ്. പുതുവർഷാരംഭത്തിൽ അതുകൊണ്ട് തന്നെ മനസ്സിലേക്ക് മനനം ചെയ്യേണ്ട വേദഭാഗമാണ് ''പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴിയുകയില്ല'' (വി.യോഹന്നാൻ 3:3) എന്നത്.

**പശ്ചാത്തലപഠനം :** സമവീക്ഷണസുവിശേഷങ്ങളിൽ വ്യത്യസ്ത സ്വഭാവം കാഴ്ച്ച വെയ്ക്കുന്ന ഒന്നാണ് വി.യോഹന്നാന്റെ സുവിശേഷം. യേശുക്രിസ്തുവിന്റെ ജീവിതവും പ്രബോധനവും നാല് സുവിശേഷങ്ങളിലും പരാമർശിക്കപ്പെടുന്നുണ്ടെങ്കിലും അതിനോടനുബന്ധമായി യേശു ക്രിസ്തു

വിന്റെ ആളത്വത്തെയും രക്ഷണീയപ്രവർത്തനത്തെയും വേദശാസ്ത്രപരമായി വി.യോഹന്നാന്റെ സുവിശേഷം വിശദമാക്കുന്നു.

രാത്രിയുടെ മറപറ്റി ദൈവരാജ്യമർമ്മങ്ങളെ പറ്റിയുള്ള അറിവുനേടാൻ വന്ന പരീശനായ നിക്കോദിമോസിന് ക്രിസ്തു നൽകുന്ന മറുപടിയാണ് ''പതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴിയുകയില്ല'' എന്നത്.

പുതുതായി ജനിക്കുക (Gennethe anothen) എന്ന പദത്തിന് പുതിയനിയമം എഴുതപ്പെട്ട മൂലഭാഷയായ ഗ്രീക്കിൽ നൽകുന്ന അർത്ഥം ഉയരത്തിൽ നിന്നും ജനിക്കുക (Be born from above) എന്നാണ്. പുതുതായ ഒരു ജനനമാണത്, അത് ഉയരത്തിൽ ദൈവസന്നിധിയിൽ നിന്നും ഉളവാകുന്നതാണ്. ഈ പുതിയ ജനനം അഥവാ ''വീണ്ടും ജനനം'' ദൃശ്യമായ വിധത്തിൽ വെള്ളവും അദൃശ്യമായി ആത്മാവും വ്യാപരിക്കുന്ന പരി.മാമോദീസായിൽ കൂടി പ്രാപിക്കുന്നു എന്ന് ഓർത്തഡോക്സ് സഭ പഠിപ്പിക്കുന്നു.

**പ്രധാനമായും രണ്ട് ആശയങ്ങൾ ഈ വേദഭാഗം മുന്നോട്ട് വെയ്ക്കുന്നു.**

**1. വീണ്ടും ജനനത്തിലൂടെ നാം ദൈവത്തിന്റെ അടിമകളായി മാറുന്നു.**

''അടിമ'' എന്ന വാക്കിന്റെ അർത്ഥം ശരീരവും, ജീവനും കുടുംബവും യജമാനന് അധീനമാക്കപ്പെട്ട നിലയിൽ ജീവിക്കുക എന്നാണ്. അങ്ങനെയെങ്കിൽ ദൈവത്തിന്റെ അടിമ തന്റെ ശരീരവും, ജീവനും കുടുംബവും തന്റെ യജമാനനായ ദൈവത്തിൽ ഭരമേൽപിച്ച് ജീവിക്കുന്ന വ്യക്തിയാണ്. ഇതൊരു ഭാഗ്യാവസ്ഥയാണ്. വീണ്ടും ജനനത്തിലൂടെ നാം നേടിയെടുക്കുന്നത് ഈ ഭാഗ്യാവസ്ഥയാണ്.

നാം ക്രിസ്തുവിന്റെ അടിമയായി തീരുന്നതിലൂടെ ക്രിസ്തുയേശുവിന്റെ ഭാവവും നമ്മിലുണ്ടാകുന്നു. ഈ പുതുവർഷം സ്നേഹമാകുന്ന ക്രിസ്തുയേശുവിന്റെ ഭാവം ഉൾക്കൊള്ളുവാൻ തക്കവണ്ണം നമ്മെ രൂപാന്തരപ്പെടുത്തുന്നതാവണം. പരി.പൗലോസ് ശ്ലീഹാ റോമർക്ക് എഴുതിയ ലേഖനം 12-ാം അദ്ധ്യായം 10-ാം വാകൃത്തിൽ പറയുന്നത് സഹോദരപ്രീതിയിൽ തമ്മിൽ സ്ഥായിപൂണ്ട് ബഹുമാനിക്കുന്നതിൽ അന്യോന്യം മുന്നിട്ടുകൊൾവിൻ എന്നാണ്.

''കൂട്ടിൽ മുട്ടയിട്ട് ഈറ്റുനോവോടെ അടയിരിക്കുന്ന പെൺകിളിയുടെ വേദന അകറ്റുവാൻ ആൺകിളിയായ് വന്ന് പാട്ടു പാടുന്ന ദൈവസ്വരം നാം എന്നാണ് തിരിച്ചറിയുന്നത്. (Nikos Kazantzakis, St Francis) ദൈവസ്നേഹത്തിന് ഇതിനോളം മഹാത്മ്യമുള്ള മറ്റൊരു നിർവചനം പറയാൻ സാധിക്കില്ല.

വാസ്തവത്തിൽ മനുഷ്യവംശത്തിന്റെ മൂലധനമെന്ന് പറയുന്നത് സ്നേഹമാണ്. 'ആരുടെ കാലിൽ തറയ്ക്കുന്നമുള്ളുമെന്നാത്മാവിനെ കുത്തിനോവിപ്പൂ' എന്ന അപരന്റെ വേദനയിൽ പങ്കുചേരുന്ന സ്നേഹമാണ് വീണ്ടും ജനനത്തിലൂടെ നാം പ്രാപിക്കുന്നത്. പുതുവർഷപുലരിയിലേക്ക് ചുവട് വെയ്ക്കുമ്പോൾ നമ്മുടെ ജീവിതം നമ്മൾ കരുതുന്നതിലുമധികം മറ്റു വ്യക്തികളുമായും ഈ പ്രപഞ്ചവുമായും ഇഴചേർന്നു കിടക്കുന്ന ഒന്നാണെന്നും പുല്ലും പുഴുവും മനുഷ്യനും എല്ലാം കൂടി ചേർന്നുണ്ടായിരിക്കുന്ന ഒന്നാണ് ഈ ലോകമെന്നും അതുകൊണ്ട് തന്നെ ഒന്നിനെയും നിസാരവത്കരിക്കുവാൻ നമ്മുക്ക് അവകാശമില്ലെന്നുമുള്ള ബോധ്യം നമ്മുക്കുണ്ടാവണം. ചുരുക്കത്തിൽ വീണ്ടും ജനനത്തിലൂടെ സ്വയം വിനയപ്പെട്ട് ദൈവത്തിന്റെ അടിമയായി ദൈവഭയവും സഹോദരസ്നേഹവും ഉള്ളവരായിരിപ്പാൻ നമ്മുക്ക് സാധിക്കണം.

**2. വീണ്ടും ജനനത്തിലൂടെ നാം സ്വർഗരാജ്യത്തിന് അവകാശികളായി തീരും**

ആദിയിൽ ദൈവത്തിന്റെ ആത്മാവ് വെള്ളത്തിന്മേൽ ആവസിച്ചു. വായുവും ശൂന്യ

വുമായ ഇടങ്ങളിലേക്ക് ദൈവാത്മാവ് വന്നപ്പോൾ അവിടെ സൃഷ്ടിയും ജീവനുമുണ്ടായി. വെള്ളത്താലും ആത്മാവിനാലും ജീവിക്കുക എന്ന് പറയുന്നത് സ്വർഗരാജ്യത്തിന്റെ അനുഭവത്തിലേക്കുള്ള പ്രവേശനമാണ്. ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിലെ പരമമായ ലക്ഷ്യം എന്ന് പറയുന്നത് സ്വർഗരാജ്യത്തിന് അവകാശികളാവുക എന്നതാണ്.

ക്രിസ്ത്യാനിക്ക് രണ്ട് ജനനമുണ്ട്. ഒന്ന്, മാതാപിതാക്കളിൽ നിന്നുള്ള ശാരീരിക ജനനം, രണ്ട് വെള്ളത്താലും ആത്മാവിനാലുമുള്ള വീണ്ടും ജനനം. രണ്ട് ജനനം ഉള്ളത് കൊണ്ട് തന്നെ രണ്ട് മരണത്തിനും സാധ്യതയുണ്ട്. ഒന്ന്, ശാരീരിക മരണം, അടുത്തത് ആത്മീക മരണം. പരി.സഭ പ്രാർത്ഥനകളിൽ ആവർത്തിക്കുന്ന ഒരു വസ്തുതയാണ് രണ്ടാം മരണമാകുന്ന ചുഴിയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതേ എന്ന്. ഇത് നിത്യതയിൽ നിന്നുള്ള ആത്മീക മരണമാണ്. വി.മാമ്മോദീസായിലൂടെ പ്രാപിച്ച വീണ്ടും ജനനത്തിലൂടെ നാം നേടിയെടുത്ത പുനരുത്ഥാന അനുഭവങ്ങളെ ജീവിത പ്രവൃത്തിയിലൂടെ നഷ്ടമാക്കിയാൽ പറുദീസായിൽ നിന്നുള്ള എന്നന്നേക്കുമായുള്ള പുറന്തള്ളലിലായിരിക്കും നാം ചെന്നെത്തുക.

വി.മത്തായിയുടെ സുവിശേഷം 5:48ൽ പറയുമ്പോലെ സ്വർഗീയ പിതാവിനെപോലെ സൽഗുണപൂർണനായി തീരുവാനുള്ള യാത്രയാണ് ക്രിസ്തീയ ജീവിതം. കണ്ണുകൾ ദൈവത്തിങ്കലേക്കുയർത്തി ക്രിസ്തുവിലായിരിക്കുന്ന അനുഭവമാണത്. ''ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു' എന്ന് പരി.പൗലോസ് ശ്ലീഹാ സാക്ഷിക്കുന്നു. ഈ പുതുക്കപ്പെടലിന്റെ അവസ്ഥയിലേക്കുള്ള വിളിയാവട്ടെ ഈ നവവർഷം.

**ഉപസംഹാരം**

ക്രിസ്ത്യാനിയെന്നാൽ ക്രിസ്തുവിനെ വഹിക്കുന്നവൻ എന്നാണ് തിരുശരീരരക്തങ്ങളുടെ അനുഭവത്താൽ ദൈവാംശമുള്ളവരായി തീർന്നവരാണ്. ''പുതുതായി കിട്ടിയ വസ്ത്രങ്ങൾക്കുള്ളിലിനിയും പഴയ മനുഷ്യർ ബാക്കിയാവുമ്പോൾ പിന്നെയെങ്ങനെയാണിതൊരു പുതുവർഷമാവുക'' എന്നൊരു കവിവാചകമുണ്ട്. യഥാർത്ഥ ദൈവീകരണം മനസ്സിൽ ഉൾക്കൊള്ളുവാൻ സാധിക്കാത്ത പക്ഷം കലണ്ടറിലെ ഒരു ദിനം മാത്രമായി പുതുവർഷവും മാറ്റപ്പെടും. വീണ്ടും ജനനം പ്രാപിച്ച ക്രിസ്ത്യാനിയുടെ ജീവിതദൗത്യമതല്ല, മറിച്ച് ദൈവരാജ്യമാകുന്ന അവകാശത്തിലേക്ക് സ്വയം നടക്കുകയും നമ്മുടെ കൂട്ടാളികളെയും അതിലേക്കെത്തിക്കുക എന്നതാണ്. പുതുവർഷത്തിലെ ഓരോ പ്രവർത്തനങ്ങളും വീണ്ടും ജനനത്തിലൂടെ നേടിയ പരിശുദ്ധാത്മ പുതുക്കത്തിനായിതീരട്ടെ.

---



സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്നും മാസ്റ്റർ ഇൻ തിയോളജിയിൽ (MTH, Communication) ഉന്നത വിജയം കരസ്ഥമാക്കിയ **ഫാ. ജോൺ കെ. ജേക്കബിന്** അഭിനന്ദനങ്ങൾ...

ബഹു. അച്ചൻ അങ്കമാലി ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ വൈസ് പ്രസിഡന്റായും ഏലൂർ മാർ ഗ്രീഗോറിയോസ് ഇടവകയുടെ വികാരിയായും സേവനമനുഷ്ഠിക്കുന്നു.

ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം
ഓർത്തഡോക്സ് യുവജനം ത്രൈമാസിക





റ്റിബിൻ ചാക്കോ

# തിരുവിതാംകോട് പള്ളി

മലങ്കര ഓർത്തഡോക്സ് സഭയുടെ അഭിമാനമായി നിലകൊള്ളുന്ന ദൈവാലയമാണ് തിരുവിതാംകോട് അരപ്പള്ളി. തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിലെ തക്കല, ജംഗ്ഷനിൽ നിന്നും രണ്ട് കിലോമീറ്റർ പടിഞ്ഞാറായി തിരുവിതാംകോട് എന്ന ഗ്രാമത്തിലാണ് അരപ്പള്ളി എന്നറിയപ്പെടുന്ന സെന്റ് മേരീസ് ദൈവാലയം സ്ഥിതി ചെയ്യുന്നത്.

25 അടി നീളവും 16 അടി വീതിയും 10 അടി ഉയരവും മാത്രമുണ്ടായിരുന്ന ദൈവാലയം അതിന്റെ പഴമ നിലനിർത്തി ചില്ലറ മാറ്റങ്ങൾ വരുത്തി നിലനിർത്തിയിരിക്കുന്നു. ദൈവാലയത്തിൽ കാണുന്ന കിളിവാതിലുകൾ പുരാതന കൊട്ടാരങ്ങളിൽ കണ്ടുവരുന്ന തരത്തിലുള്ളവയാണ്. ദൈവാലയത്തിന്റെ മേല്ക്കൂരയ്ക്ക് ജറുസലേം ദൈവാലയത്തിന്റെ മേല്ക്കൂരയുമായി വളരെ സാമ്യമുണ്ട്. ദൈവാലയ ഭിത്തിയിൽ ഒരു ചെറിയ കുരിശിന്റെ രൂപമല്ലാതെ മാതാവിന്റെയോ മറ്റു ശിഷ്യൻമാരുടെയോ രൂപങ്ങളോ ചിത്രങ്ങളോ ആലേഖനം ചെയ്യാത്തത് ക്രിസ്തീയ സഭ ആരാധനകളും മറ്റു ആചാരാനുഷ്ഠാനങ്ങളും രൂപപ്പെടുത്തുന്നതിനു മുമ്പുകാലത്തുള്ള ദൈവാലയമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

ചരിത്ര രേഖകളുടെ അപര്യാപ്തത കൊണ്ട് വേണ്ടത്ര ശ്രദ്ധ ലഭിക്കാതെ പോയ ഒന്നാണ് തിരുവിതാംകോട് പള്ളിയും ഇവിടെ ഉണ്ടായിരുന്ന ക്രൈസ്തവ സമൂഹവും. മലങ്കര സഭയുടെ മൂന്നാം കാതോലിക്കാ പ.ബസേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ കാലത്താണ് ഈ ദൈവാലയത്തിന്റെ പുനരുദ്ധാരണത്തിന് സഭ ശ്രദ്ധ നൽകിയത്. പുതുവയിൽ കോശി സ്കറിയാ കത്തനാരും, കൂട്ടുങ്കൽ ഗീവർഗ്ഗീസ് റമ്പാച്ചനും ഈ ദൈവാലയത്തിന്റെ പുരോഗതിക്കായി പ്രയത്നിച്ചു.

വന്ദ്യ ബർസ്ലീബാ റമ്പാച്ചന്റെ പ്രവർത്തന ഫലമായി ദൈവാലയത്തിന്റെ പ്രാധാന്യം സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തുകയും, പ. ബസേലിയോസ് മാർത്തോമ്മ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ 2007 ഡിസംബർ 16 ന് തിരുവിതാംകോട് അരപ്പള്ളിയെ ഒരു അന്താരാഷ്ട്ര തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിച്ചു. നാനാജാതി മതസ്ഥർ ഇന്ന് ഈ ദൈവാലയത്തിൽ പ്രാർത്ഥനയ്ക്കായി എത്തുന്നു. വി.മാർത്തോമ്മാ ശ്ലീഹായുടെ ഭാരത സുവിശേഷീകരണത്തിന്റെ പ്രധാന നാഴികക്കല്ലായി ഈ ദൈവാലയം നിലകൊള്ളുന്നു.



ദുബായ് സെന്റ് തോമസ് കത്തീഡ്രൽ യുവജനപ്രസ്ഥാനം മലങ്കര സഭയിലെ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള വട്ടശ്ശേരി മാർ ദിവന്നാസിയോസ് കാർഷിക അവാർഡ് ശ്രീ. അതിൻ തോമസിന് എം.എ. യൂസഫലി സമ്മാനിച്ചു. ശ്രീ. അതിൻ തോമസ് കുന്നംകുളം ഭദ്രാസനത്തിലെ കൊണ്ടാഴി സെന്റ് ജോർജ്ജ് ഇടവക അംഗമാണ്. ബി.എ. ഇംഗ്ലീഷ് ലിറ്ററേച്ചർ ബിരുദധാരിയായ യുവകർഷകനായ അതിൻ ഇപ്പോൾ മഹീന്ദ്ര ഫിനാൻസിൽ ബിസിനസ് എക്സിക്യുട്ടീവ് ആയി സേവനമനുഷ്ഠിക്കുന്നു. ശ്രീ. അതിൻ തോമസിന്റെ താമസവും കൃഷിസ്ഥലവും പാലക്കാട് ജില്ലയിലെ പെരിങ്ങോട്ടുകുറിശ്ശിയിലാണ്.


---



തൃശ്ശൂർ ഭദ്രാസന യുവജന പ്രസ്ഥാനത്തിന്റെ ക്രിസ്തുമസ് കരോൾ മത്സരം ടമിമേശി 2022 തൃശ്ശൂർ ഭദ്രാസന ആസ്ഥാനമായ മണ്ണുത്തി അരമനയിൽ വെച്ച് അഭി. ഡോ. യൂഹാനോൻ മാർ മിലിത്തിയോസ് തിരുമേനിയുടെ മഹനീയ സാന്നിദ്ധ്യത്തിൽ നടത്തപ്പെട്ടു. കരോൾ ഗാന മത്സരത്തിൽ മാരാങ്കോട് സെന്റ് ജോർജ്ജ് ഇടവക ഒന്നാം സ്ഥാനവും മാന്നാമംഗലം സെന്റ് മേരീസ് ഇടവക രണ്ടാം സ്ഥാനവും എളനാട് സെന്റ് മേരീസ് ഇടവക മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വൈസ് പ്രസിഡന്റ് ഫാ. വർഗ്ഗീസ് എം. ഐസക്, സെക്രട്ടറി ശ്രീ. ബിന്റോ കുരിയൻ, ജോ. സെക്രട്ടറി ഫിലെ ജോൺ എന്നിവർ നേതൃത്വം നൽകി.

---

## ഗൾഫ് ഓർത്തഡോക്സ് യൂത്ത് കോൺഫറൻസ് സമാപിച്ചു.




അലൈൻ : ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം ഗൾഫ് ഓർത്തഡോക്സ് യൂത്ത് കോൺഫറൻസ് യു.എ.ഇ. സോണൽ കോൺഫറൻസും സംയുക്തമായി 2022 ഡിസംബർ 31, 2023 ജനുവരി 1 തീയതികളിൽ അലൈൻ സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ദേവാലയത്തിൽ വെച്ച് നടത്തപ്പെട്ടു. സമാപന സമ്മേളനം പ്രസ്ഥാനം പ്രസിഡന്റ് അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിക്കുകയും അബുദാബി ബാപ്സ് ഹിന്ദു ക്ഷേത്രത്തിലെ പൂജ്യ അക്ഷരാതിത്ത് സ്വാമിജി ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. അലൈൻ ഇടവക വികാരി ഫാ. ജോൺസൺ ഐപ്പ്, കേന്ദ്ര ജനറൽ സെക്രട്ടറി ഫാ. അജി. കെ. തോമസ്, ഇടവക ട്രസ്റ്റി ശ്രീ. ലിങ്കൺ അലക്സ്, ഡി.സി.സി. സെക്രട്ടറി ശ്രീ. ഫിലിപ്പൻ തോമസ്, യു.എ.ഇ. സോണൽ സെക്രട്ടറി ശ്രീ. ബെൻസൻ ബേബി തുടങ്ങിയവർ പ്രസംഗിച്ചു. 2022 ലെ യുവദർശനം സുവനീർ പ്രകാശനം അഭിവന്ദ്യ ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് തിരുമേനി നിർവഹിച്ചു.

# മലങ്കര വർഗ്ഗീസ് അനുസ്മരണം

ഓർത്തഡോക്സ് യുവജനപ്രസ്ഥാനം കണ്ടനാട് വെസ്റ്റ്, ഈസ്റ്റ് അങ്കമാലി റീജിയണുകളുടെ നേതൃത്വത്തിൽ വിവിധ പള്ളികളിൽ മലങ്കര വർഗ്ഗീസ് അനുസ്മരണ സമ്മേളനം നടത്തി. മലങ്കര ഓർത്തഡോക്സ് സഭയ്ക്കുവേണ്ടി രക്തസാക്ഷിത്വം വഹിച്ച മലങ്കര വർഗ്ഗീസ് എന്നറിയപ്പെടുന്ന പെരുമ്പാവൂർ തോമ്പ്ര റ്റി.എം. വർഗ്ഗീസിന്റെ 20-ാം ഓർമ്മയോടനുബന്ധിച്ച് അനുസ്മരണ സമ്മേളനം സംഘടിപ്പിച്ചു.


- **ഞാറയ്ക്കാട്** സെന്റ് ജോൺസ് ഓർത്തഡോക്സ് യുവജനപ്രസ്ഥാനം കേന്ദ്ര ജനറൽ സെക്രട്ടറി ഫാ. വിജു ഏലിയാസ് ഉദ്ഘാടനം ചെയ്തു. യൂണിറ്റ് സെക്രട്ടറി മനോജ് കല്ലിടുങ്കൽ അദ്ധ്യക്ഷനായി.
- **വാളകം** സെന്റ് തോമസ് ഓർത്തഡോക് കാതോലിക്കേറ്റ് ചാപ്പലിൽ വികാരി ഫാ. സണ്ണി പുന്നച്ചാലിൽ ഉദ്ഘാടനം ചെയ്തു.
- **പുത്തൻകുരിശ്** സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളിയിൽ വികാരി ഫാ. ജിത്തു മാത്യു ഐക്കരകുന്നത്ത് ഉദ്ഘാടനം ചെയ്തു. യുവജനപ്രസ്ഥാനം കേന്ദ്ര ട്രഷറർ പേൾ കണ്ണേത്ത്, യൂണിറ്റ് സെക്രട്ടറി ജോർജ്ജ് ബാജി എന്നിവർ പ്രസംഗിച്ചു.
- **ഊരമന ഗലീലകുന്ന്** സെന്റ് മേരീസ് ഓർത്തഡോക്സ് സിറിയൻ ചർച്ച് ഭദ്രാസന യുവജനപ്രസ്ഥാന ജനറൽ സെക്രട്ടറി എൽദോ മുഴിക്കൽ അദ്ധ്യക്ഷനായ യോഗം സഹവികാരി വിബിൻ ബാബു ഉദ്ഘാടനം നിർവ്വഹിക്കുകയും സഭാ മാനേജിംഗ് കമ്മിറ്റി അംഗം ഗീവസ് മർക്കോസ് അനുസ്മരണ പ്രഭാഷണം നടത്തി.
- **ഇടമറുക്** സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിലെ വികാരി ഫാ. കുരിയൻ ചെറിയാൻ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് സെക്രട്ടറി റിജോ ഇടമറുക്, ട്രസ്റ്റി റെജി മാത്യു എന്നിവർ പ്രസംഗിച്ചു.

---



ഓർത്തഡോക്സ് ക്രിസ്ത്യൻ യുവജന പ്രസ്ഥാനം അഖില മലങ്കര കലാമത്സരം ജ്വാല 2023 സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് തിരുമേനി നിർവ്വഹിച്ചു. കുന്നംകുളം യുവജനപ്രസ്ഥാനം വൈസ് പ്രസിഡന്റ് ഫാ. തോമസ് ചാണ്ടി, വൈദീക സംഘം സെക്രട്ടറി ഫാ. ജോൺ ഐസക്, യുവജനപ്രസ്ഥാനം ഭദ്രാസന സെക്രട്ടറി ഫ്യൂജിൻ സി.ഐ. തുടങ്ങിയവർ സംബന്ധിച്ചു. 2023 ജനുവരി മാസം 14-ാം തീയതി ബഥനി സെന്റ് ജോൺസ് ഇംഗ്ലീഷ് മീഡിയം ഹയർസെക്കണ്ടറി സ്കൂളിലെ പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ നഗറിൽ വെച്ച് നടത്തുന്നു.

---



**Mar Gregorious Orthodox Christian Youth Moment, Muscat** ൽ കഴിഞ്ഞ കാലങ്ങളിൽ കേന്ദ്ര യുവജന പ്രസ്ഥാനത്തിനുവേണ്ടി ചെയ്ത സഹായങ്ങൾക്കും ചാരിറ്റി പ്രവർത്തനങ്ങൾക്കും നന്ദി അർപ്പിച്ചുകൊണ്ട് യൂണിറ്റിന് ലഭിച്ച പുരസ്ക്കാരം യുവജനപ്രസ്ഥാനം പ്രസിഡന്റ് ഡോ.ഗീവർഗ്ഗീസ് മാർ യൂലിയോസ് തിരുമേനിയിൽ നിന്നും ഒമാൻ സോണൽ കോ-ഓഡിറ്റേർ ശ്രീ. മാത്യു മെഴുവേലി, St. Dionysius Orthodox Church, Al Ain (UAE) നടന്ന GOYC കോൺഫറൻസിൽ വെച്ച് ഏറ്റുവാങ്ങുന്നു.

NEW LAND
BAKERS, RESTAURANT
MINI CONFERENCE HALL

City One Tower, Court Jn, Haripad
0479-2404647, 9562726668,
9562726669 | newlandbakers@gmail.com

HOME DELIVERY
11:00 am - 11:00 pm

NEWLAND SPECIAL KUZHIMANTHI

ARABIC | CHINESE
NORTH INDIAN
BROASTED CHICKEN | SHAWAI
SHAWARMA | ALFAHAM

LIVE CAKE, LIVE BURGER, LIVE SANDWITCH, LIVE PIZZA

സഹോദരസ്ഥാപനങ്ങൾ :

നിങ്ങളുടെ സംതൃപ്തി
ഞങ്ങളുടെ പരിപൂർണ്ണത

NEW LAND
BAKERY

Kacheri Jn:, Haripad
0479 2404747
9995115018
Payipad
0479-2318687

NEW LAND
hot'n cool

Kacheri Jn:, Haripad
0479 2404747, 9995115018

KARIKIN SHAKE
NEWLAND FALOODA
MOJITO SPECIAL, FRUIT SALAD
SPECIAL LIME, DRY FRUITS SHAKE



## സ്നേഹമംഗളങ്ങൾ



യുവജനപ്രസ്ഥാനത്തിന്റെ പൊതുകാര്യദർശി സ്ഥാനത്ത് കഴിഞ്ഞ കാലങ്ങളിൽ ശ്രേഷ്ഠതയോടെ പ്രവർത്തിക്കുകയും പ്രയത്നിക്കുകയും ചെയ്ത ബഹു. അജി.കെ.തോമസ് അച്ചന് യുവജനം ത്രൈമാസികയുടെ യാത്രാമംഗങ്ങൾ. സഭയിലെ യുവതി യുവാക്കളെ കാലഘട്ടത്തിനനുസൃതമായി ദിശാബോധത്തോടും പ്രബോധനപരതയോടും നേതൃത്വവൈജാത്യത്തോടും കൂട്ടിയോജിപ്പിച്ച് മുന്നേറുവാൻ കഴിഞ്ഞു എന്നത് ശ്ലാഘനീയമാണ്. ബഹു. അച്ചന്റെ തുടർന്നുള്ള ജീവിതപ്രവർത്തനങ്ങൾ സഭയുടെ ഉന്നമനത്തിന് നിദാനമായി ഭവിക്കട്ടെ....

## സ്വാഗതാശംസകൾ



യുവജനപ്രസ്ഥാനത്തിന്റെ പൊതുകാര്യദർശി സ്ഥാനം ഏറ്റെടുത്ത ബഹു. വിജു ഏലിയാസ് അച്ചന് യുവജനം ത്രൈമാസികയുടെ സ്വാഗതാശംസകൾ. കാലഘട്ടത്തിന്റെ വെല്ലുവിളിക്കനുസൃതമായി സഭയുടെ ഭാവി തലമുറയെ ബലപ്പെടുത്തുവാനും ദർശക മാഹാത്മ്യത്തോടെ വിശ്വാസതീക്ഷണതയിൽ യുവജനങ്ങളെ രൂപപ്പെടുത്തുവാനും ആത്മീയ ഉത്തേജക പ്രബോധനത്തോടും സർഗ്ഗാത്മകമായ പ്രചോദനത്തോടും നവയുഗദർശനത്തോടും പ്രവർത്തിച്ച് മുന്നേറുവാൻ ബഹു. അച്ചന് സാധ്യമായിതീരട്ടെ....

## പ്രധാന ആരാധനാ ദിനങ്ങൾ

| | | |
|---|---|---|
| ജനുവരി 30 | – | നിനുവാ നോമ്പ് ആരംഭം |
| ഫെബ്രുവരി 2 | – | മായൽത്തോ ( കർത്താവിന്റെ ദേവാലയ പ്രവേശനം) |
| ഫെബ്രുവരി 5 | – | കൊഹനേ ഞായർ (വാങ്ങിപ്പോയ പട്ടക്കാരുടെ ഓർമ) |
| ഫെബ്രുവരി 12 | – | ആനീദേ ഞായർ (സകല വാങ്ങിപ്പോയവരുടെയും പൊതുവായ ഓർമ) |
| ഫെബ്രുവരി 20 | – | വലിയ നോമ്പാരംഭം |
| ഫെബ്രുവരി 23 | – | മലങ്കര ഭാസുരൻ വട്ടശ്ശേരിയിൽ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായുടെ 89-ാം ഓർമ്മ |
| ഫെബ്രുവരി 25 | – | മാർ അപ്രേം മൽപാന്റെയും, മാർ തേവോദോറോസ് സഹദായുടെയും ഓർമ |
| ഫെബ്രുവരി 26 | – | ഗർബോ ഞായർ |
| മാർച്ച് 5 | – | മ്ശറ്യോ ഞായർ |
| മാർച്ച് 12 | – | ക്നാനൈത്തോ ഞായർ |
| മാർച്ച് 15 | – | പാതിനോമ്പ് |
| മാർച്ച് 19 | – | ക്ഫിഫ്ത്തോ ഞായർ |
| മാർച്ച് 25 | – | സൂബോറോ (ദൈവമാതാവിനോടുള്ള വചനിപ്പ്) |
| മാർച്ച് 26 | – | സമ്യോ ഞായർ, കാതോലിക്കാ ദിനം |
| ഏപ്രിൽ 1 | – | ലാസർ ശനി |
| ഏപ്രിൽ 2 | – | ഓശാന ഞായർ |
| ഏപ്രിൽ 6 | – | പെസഹ |
| ഏപ്രിൽ 7 | – | വലിയ വെള്ളിയാഴ്ച |
| ഏപ്രിൽ 8 | – | ദുഃഖശനി |
| ഏപ്രിൽ 9 | – | ക്യംതാ പെരുന്നാൾ (ഉയിർപ്പ്) |

# MGM MAR GREGORIOS MEMORIAL EDUCATIONAL INSTITUTIONS

Trivandrum, Kollam, Pathanamthitta
Ernakulam, Kannur, Malappuram

SINCE 1992

## OUR COLLEGES

**MGM** COLLEGE OF ENGINEERING
Muvattupuzha

**MGM** COLLEGE OF ENGINEERING
Malappuram

**MGM** COLLEGE OF ARTS & SCIENCE
Trivandrum

**MGM** POLYTECHNIC COLLEGE
Muvattupuzha

**MGM** COLLEGE OF PHARMACY
Kilimanoor

**MGM** COLLEGE OF PHARMACY
Kannur

**MGM** POLYTECHNIC COLLEGE
Kilimanoor

**MGM** POLYTECHNIC COLLEGE
Kannur

**MGM** COLLEGE OF PHARMACY
Muvattupuzha

**MGM** COLLEGE OF PHARMACY
Malappuram

**HOTLINE NUMBERS**
99464 83111, 99464 84111
99464 85111

## OUR SCHOOLS

**MGM** CENTRAL PUBLIC SCHOOL
Aakkulam, Trivandrum
Ph: 9562748884 / 9562508242

**MGM** PUBLIC SCHOOL
Kandanadu, Ernakulam
Ph: 9562508249 / 9562508250

**MGM** TRINITY SCHOOL
Vettinad, Trivandrum
Ph: 9207746800 / 9526017888

**MGM** RESIDENTIAL PUBLIC SCHOOL
Kottarakara, Kollam
Ph: 9562508245 / 9562958883

**MGM** PONMUDI VALLEY PUBLIC SCHOOL
Vithura, Trivandrum
Ph: 9526027888 / 9562598887

**MGM** EBENEZER ENGLISH SCHOOL
Kadampanad, Kollam
Ph: 9562598882

**MGM** SCHOOL
Kaniyapuram, Trivandrum
Ph: 9562508243 / 9562598880

**MGM** KAURUNA CENTRAL SCHOOL
Parippally, Kollam
Ph: 9562508800

**MGM** FLOWERS SCHOOL
Kottarakkara, Kollam
Ph: 9526057888

**MGM** INTERNATIONAL SCHOOL
Kilimanoor, Trivandrum
Ph: 9562508247 / 9562508885

**MGM** VIDYAMOUNT PUBLIC SCHOOL
Mangalapuram, Trivandrum
Ph: 9562598889 / 9562578883

**MGM** JM LP SCHOOL
Venjarammood, Trivandrum

30 YEARS

**Celebrating 30 Years of Excellence in Education**

CREATING ENTREPRENEURS & INNOVATORS

## MGM GROUP OF INSTITUTIONS

**Dr. Geevarghese Yohannan**
Founder & Chairman

22 INSTITUTIONS | 18K+ STUDENTS | 2K+ STAFFS

**OUR WEBSITE**
www.mgmschool.com
www.mgmcollege.in

info@mgmedugroup.com
admission@mgmedugroup.com



Printed and Published by : H.G. Dr. Geevarghese Mar Yulios Metropolitan on behalf of President OCYM, St. Thomas Bhavan, Kottayam - 1
Head Office : St. Thomas Bhavan, Chungom, Kottayam. Phone : 0481 2583997
Printed at : Glamour Offset Printers, Kunnamkulam, Layout : Spectra Designers Kunnamkulam, Chief Editor : Fr. Luke Babu,Publisher : Binu Pappachan